# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-9/2320/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 19/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-9/2320/2023 തീയ്യതി: 19/12/2023

## മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2022 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ. കെ. കെ. (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 17-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2023 | 17-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. നസ്സീർ ടി.കെ., ഓഡിറ്റ് ഓഫീസർ

ശ്രീമതി. അസീന എ. പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. രാമകൃഷ്ണൻ ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അമീൻ ഫൈസൽ ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ഷീബ പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എൻ. പി. ഷാഹിദ മുഹമ്മദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. കെ.പി.എം നവാസ് | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ. ഷാജിമോൻ എൻ. എം. | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഗീത. പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-09-2022 |
| ശ്രീമതി. സൻഷി പി. | അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്) | 29-09-2022 | 28-10-2022 |
| ശ്രീ. വിനോദ്കുമാർ പി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 29-10-2022 | 31-03-2023 |
| ശ്രീ. അരുൺ ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീ. ഫ്രാൻസിസ് എ. ഫെർണാണ്ടസ് | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 13-09-2022 | 23-09-2022 |
| ശ്രീമതി. ധന്യ ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 24-09-2022 | 15-10-2022 |
| ശ്രീമതി. ജബീന എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 16-10-2022 | 31-03-2023 |
| ശ്രീമതി. സുധ എസ്. | കൃഷി ഓഫീസർ | 01-04-2022 | 25-07-2022 |
| ശ്രീ. സമീർ വി. എം. | കൃഷി ഓഫീസർ (അഡീഷണൽ ചാർജ്) | 26-07-2022 | 01-08-2022 |
| ശ്രീ. സുബൈർ ബാബു | കൃഷി ഓഫീസർ | 02-08-2022 | 31-03-2023 |
| ശ്രീമതി. മഹീത പി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.സോമരാജ് കെ. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ കെ. എ. | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 01-04-2022 | 16-05-2022 |
| ശ്രീ. രാകേഷ് സോമരാജൻ | വില്ലേജ് എക്സ്റ്റൻഷർ ഓഫീസർ | 17-05-2022 | 31-03-2023 |
| ഡോ. ജയനാരായണൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 25-04-2022 |
| ഡോ. സൽമ വി. പി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 26-04-2022 | 31-03-2023 |
| ഡോ. സ്മിത എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ജിഷിലി എൻ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 26-06-2022 |
| ഡോ. ഫയാസ് റഹ്മാൻ പി. എസ്. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 27-06-2022 | 31-03-2023 |
| ഡോ. ഷാഹൽ ഹമീദ് ടി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദലി എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷിഹാബുദ്ദീൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | തൊഴിലുറപ്പ് പദ്ധതിയിൽ തുക വ്യത്യാസം | 1-1-5 |
| 7 | ലോൺ സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ പരിശോധന -രേഖകൾ ലഭ്യമാക്കിയില്ല. | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ല | 1-1-8 |
| 10 | Contractors Retention ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-9 |
| 11 | ബ്ലോക്ക് പഞ്ചായത്ത്/ജില്ലാപഞ്ചായത്ത് വിഹിതം ലഭിച്ചത് അക്കൗണ്ട് ചെയ്തില്ല | 1-1-10 |
| 12 | FACTIOS ലൈസൻസ് -ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയില്ല | 1-1-11 |
| 13 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,വാർഷികകണക്ക് എന്നിവയിൽ തുക വ്യത്യാസം | 1-1-12 |
| 14 | സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം) | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | തനത് വരുമാന സമാഹരണം-അവലോകനം | 1-11 |
| 25 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 26 | സിഡ്കോയിൽ നിന്നും സർക്കാർ അനുമതി ഇല്ലാത്ത സാധനങ്ങൾ നേരിട്ട് വാങ്ങി | 1-13 |
| 27 | വാഹന വാടകയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല | 1-14 |
| 28 | പൊതുടാപ്പ് - വൈദ്യുത ചാർജ്ജ് അടവാക്കൽ -സർക്കാർ നിർദ്ധേശം പാലിച്ചിട്ടില്ല | 1-15 |
| 29 | സോളാർ മിനിമാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-16 |
| 30 | ഇലക്ട്രിഫിക്കേഷൻ– സർക്കാർ നിർദ്ധേശം പാലിക്കണം | 1-17 |
| 31 | തെരുവ് വിളക്ക് റിപ്പയർ–ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ | 1-18 |
| 32 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവ് -വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 33 | മുൻകൂർ/ഡെപ്പോസിറ്റ് നൽകൽ വിനിയോഗ വിവരം/രശീതി ലഭ്യമാക്കണം | 1-20 |
| 34 | AMC ക്ക് തുക നൽകൽ -അപാകതകൾ | 1-21 |
| 35 | ദുരിതാശ്വാസ നിധി സർക്കാർ നിർദ്ധേശം പാലിക്കണം | 1-22 |
| 36 | തെരുവ് വിളക്ക് റിപ്പയർ - -അപാകതകൾ | 1-23 |

| | | |
|---|---|---|
| 37 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റിവെയ്ക്കൽ -അപാകതകൾ | 1-24 |
| 38 | ലൈബ്രറി സെസ്സ് അടവാക്കൽ -അപാകതകൾ | 1-25 |
| 39 | ലൈഫ് മിഷൻ ഭവനപദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം ആരംഭിച്ചില്ല. | 1-26 |
| 40 | ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് നിർമ്മാണം - ഗ്രാമസഭ/ഭരണസമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 1-27 |
| 41 | വീട് മേൽക്കൂരമാറ്റി നിർമ്മിക്കൽ - രേഖകൾ ലഭ്യമാക്കിയില്ല | 1-28 |
| 42 | ഇ ടെണ്ടർ ഫീ- തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നില്ല. | 1-29 |
| 43 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-30 |
| 44 | തരിപ്പിൽ റോഡ് സൈഡ് കെട്ട് (138/23)- കരിങ്കൽ പടവ് പൊളിച്ച് മാറ്റുന്നതിന്അധിക നിരക്ക് നൽകി. | 1-31 |
| 45 | ഉത്താലക്കണ്ടി റോഡ് സൈഡ് കെട്ട് (138/23)- കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് അധിക നിരക്ക് നൽകി. | 1-32 |
| 46 | സർക്കാർ നിർദ്ദേശം ലാലിച്ചില്ല; കൺവീനർ പ്രവൃത്തികളിൽ അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് അനുവദിച്ചു. | 1-33 |
| 47 | സർക്കാർ അനുമതിക്ക് വിരുദ്ധമായി ടെണ്ടർ കൂടാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തി | 1-34 |
| 48 | മുതിർന്ന പൗരൻമാർക്ക് കട്ടിൽ വാങ്ങൽ - ടെണ്ടർ കൂടാതെ SIDCOയിൽ നിന്ന് നേരിട്ട് വാങ്ങി | 1-34-1 |
| 49 | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ - ടെണ്ടർ കൂടാതെ SIDCOയിൽ നിന്ന് നേരിട്ട് വാങ്ങി | 1-34-2 |
| 50 | SC കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-35 |
| 51 | അഗതിരഹിത കേരളം പദ്ധതി - അക്കൗണ്ടിൽ വലിയ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-36 |
| 52 | അങ്കണവാടികൾ സ്മാർട്ട് ആക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത മൂലം 2,10,062/- രൂപയുടെ അധിക ചെലവ് | 1-37 |
| 53 | എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയലുകൾ സപ്ലൈ ചെയ്തതിനു പണം നൽകിയപ്പോൾ ജി.എസ്.ടി കുറവ് ചെയ്തില്ല. | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റിവെയ്ക്കൽ -അപാകതകൾ | 3-1 |
| 2 | അങ്കണവാടികൾ സ്മാർട്ട് ആക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത മൂലം 2,10,062/- രൂപയുടെ അധിക ചെലവ് | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29-07-2023 ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 19.12.2023

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (16615598) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (4757394) തുല്യമല്ല.

### 1-1-5 തൊഴിലുറപ്പ് പദ്ധതിയിൽ തുക വ്യത്യാസം

തൊഴിലുറപ്പ് പദ്ധതിയിൽ മൊത്തം ചെലവുതുക ഷെഡ്യൂൾ I-6 (Income And Expenditure Statement)പ്രകാരം 4,60,81,615 രൂപയാണ്. എന്നാൽ സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം മൊത്തം ചെലവ് തുക 4,60,89,455 രൂപയാണ്. 94,09,692 രൂപയുടെ ആസ്തി തൻവർഷം സൃഷ്ടിച്ചിട്ടുണ്ടെങ്കിലും വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

### 1-1-6 ലോൺ സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ലോൺ രജിസ്റ്ററിൽ ശരിയായി വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-5 ൽ രേഖപ്പെടുത്തിയ തുകയുടെ (1,28,20,950 രൂപ ) ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

### 1-1-7 ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ പരിശോധന -രേഖകൾ ലഭ്യമാക്കിയില്ല.

പ്രത്യേകം വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തൊഴിലുറപ്പ് പദ്ധതി ഒഴികെയുള്ള തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

### 1-1-8 അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ല

അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B 17 ,ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

### 1-1-9 Contractors Retention ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റിലെ B4 ,ഷെഡ്യൂളിൽ Contractors Retention ഇനത്തിൽ 8924 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

### 1-1-10 ബ്ലോക്ക് പഞ്ചായത്ത്/ജില്ലാപഞ്ചായത്ത് വിഹിതം ലഭിച്ചത് അക്കൗണ്ട് ചെയ്തില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ 22,65,383 രൂപ, ജില്ലാപഞ്ചായത്ത് വിഹിതം 91,90,000രൂപ എന്നിങ്ങനെ തൻവർഷം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-11 FACTIOS ലൈസൻസ് -ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയില്ല

ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ FACTIOS ലൈസൻസ് ഇനത്തിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

### 1-1-12 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,വാർഷികകണക്ക് എന്നിവയിൽ തുക വ്യത്യാസം

താഴെ പറയും പ്രകാരം വിവിധ ഫണ്ടിനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷികകണക്ക് എന്നിവയിൽ ചെലവു തുക പൊരുത്തപ്പെടുന്നില്ല

| ക്രമ നം. | ഇനം | ഗ്രാന്റ് സ്റ്റേററുമെന്റ് പ്രകാരം തുക | വാർഷിക കണക്ക് പ്രകാരം തുക (I-6 പ്രകാരം) |
|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 4,39,25,428 | 61,77,836 |
| 2 | എസ്.സി.പി. | 1,65,31,253 | 37,67,257 |
| 3 | ടി.എസ്.പി. | 1,61,855 | 42,566 |
| 4 | സി.എഫ്.സി ( ടൈഡ് ) | 78,05, 982 | 73,76,959 |
| 5 | സി.എഫ്.സി(അൺ ടൈഡ് ) | 52,90,264 | 43,19,200 |
| 6 | മെയിന്റനൻസ് ഫണ്ട് (റോഡ് ) | 36,13,184 | അക്കൗണ്ട് ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| 7 | മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 12,72,791 | 1,01,41,803 |

(മെയിന്റനൻസ് ഫണ്ട് (റോഡ് ) തുക അക്കൗണ്ട് ചെയ്തിട്ടില്ല. തൻവർഷം ആസ്തിയാക്കി മാറ്റിയ മേൽ ഫണ്ടിനങ്ങളിലെ തുകയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B3 യിൽ അക്കൗണ്ട് ചെയ്തിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ തൻവർഷം സൃഷ്ടിച്ച ആസ്തി വിവരവും വാർഷികകണക്കിൽ ലഭ്യമല്ല.)

## 1-1-13 സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല

ഗ്രാമപഞ്ചായത്തിൽ ILGMS നടപ്പിലാക്കിയ വേളയിൽ സാംഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റാ പി ഡി ഇ ( Past Data Entry) ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിലെ മുഴുവൻ വിവരങ്ങളും ILGMS ൽ ഉൾപ്പെട്ടിട്ടുണ്ടൊയെന്ന് പരിശോധിക്കാനായിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസാക്കിയ തീരുമാന നമ്പർ / തിയ്യതി | ബജറ്റ് പുതുക്കിയ തീരുമാന നമ്പർ /തിയ്യതി |
|---|---|
| 1/30.3.2022 | പുതുക്കിയിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | വർഷം (2022-23) |
|---|---|
| മുന്നിരിപ്പ് | 56571593 |
| വരവ് | 307201274 |
| ആകെ | 363772867 |
| ചെലവ് | 290585676 |
| നീക്കിയിരിപ്പ് | 73187191 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 44798258 | 44798258 | 40318686 | 4479572 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14668040 | 14668040 | 13281293 | 1386747 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 147434 | 147434 | 119289 | 28145 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 10274000 | 10274000 | 10141803 | 132197 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17354300 | 17354300 | 3613184 | 13741116 |
| സി എഫ് സി (ടൈഡ്) ഗ്രാന്റ് | 0 | 11661081 | 11661081 | 8431572 | 3229509 |
| സി എഫ് സി (അൺ ടൈഡ്) ഗ്രാന്റ് | 0 | 5763000 | 5763000 | 5709850 | 53150 |

കുറിപ്പ്: ജി.ഒ. പ്രൊജക്ടുകളുൾപ്പെടെയുള്ള ചെലവുകൾ ബുക്ക് ചെയ്യാത്തതിനാൽ ACR പ്രകാരമുള്ള ചെലവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസമുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 324 | 392606163 | 239 | 161899575 | 85 | 70.67 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 499 | 1246661 | 1247160 | 236 | 1246924 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 46089219 | 46089219 | 46089219 | 0 |
| ആകെ | 499 | | | 46089455 | 1246924 |

കുറിപ്പ്: AFS പ്രകാരമുള്ള NREGS വരവ്-ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ (എണ്ണം) |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 3145600 | 272 |
| വിധവാ പെൻഷൻ | 20490800 | 1866 |
| വാർദ്ധക്യകാല പെൻഷൻ | 39120100 | 3748 |
| ഭിന്നശേഷി പെൻഷൻ | 8273600 | 749 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1457600 | 135 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2023ന് 2.25pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22961/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1 . വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതികളുടെ മോണിറ്ററിംഗ് നടക്കുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3. നിയമാനുസൃതം സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകളെല്ലാം സൂക്ഷിക്കുന്നുണ്ടെങ്കിലും എൻട്രികൾ വരുത്തിയത് സൂപ്പർവൈസിംഗ് കേഡറിലുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. (ഉദാ- ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ ലോൺ രജിസ്റ്റർ,പ്രൊജക്ട് രജിസ്റ്റർ )
4.വാട്ടർ അതോറിറ്റി കൈമാറിയ പൊതു ടാപ്പുകളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ കമ്മറ്റികൾക്ക് കൈമാറാതെ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവ് നടത്തുന്നത് അധിക ബാദ്ധ്യത ഉണ്ടാക്കുന്നത് പുന:പരിശോധിക്കണം
5.അക്രഡിറ്റഡ് ഏജൻസി മുഖേന പദ്ധതി നടപ്പിലാക്കുന്നത് സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-10-2022 | 01.04.22 To 30.04.22 | 21-10-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-07-2018 | 2013-14 മുതൽ 2017-18 | 16-07-2018 |

## 1-11 തനത് വരുമാന സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ

മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 18 മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം, പൊളിച്ച കളഞ്ഞ കെട്ടിടങ്ങൾ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ എന്നിവയുടെ നികുതി ഒഴിവാക്കൽ എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. 28.10.22 ലെ യോഗത്തിൽ വസ്തുനികുതി പിരിവ് ഊർജിതമാക്കാൻ വാർഡുകളിൽ ഡിമാന്റ് നോട്ടീസുകൾ വിതരണം ചെയ്യുന്നതിനായി തീരുമാനമെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. 28.2.2023ന് ചേർന്ന യോഗത്തിൽ വസ്തുനികുതി, ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമ്പ് കളക്ഷൻ നടത്തുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല

- ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

2) വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.
- സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25.04.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ, കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ എന്നിവ 2(1) നമ്പർ തീരുമാന പ്രകാരം താത്ക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. മേൽ ഭരണ സമിതി തീരുമാനം 17.05.2023ലെ മാതൃഭൂമി പത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ട്. ആക്ഷേപങ്ങൾ ലഭ്യമല്ലാത്തതിനാൽ 13.07.2023ലെ 35(1) നമ്പർ തീരുമാനപ്രകാരം അന്തിമമായി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും 2.8.2023ലെ മാതൃഭൂമി, മനോരമ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ആയത് പ്രകാരം സഞ്ചയയിൽ നികുതി നിരക്കുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.
- പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല. ഇത് കാരണം, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിലവിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, അന്തിമ വിജ്ഞാപനം വരുന്ന മുറക്ക് പുതിയ നിരക്കിൽ നികുതി നൽകുന്നതാണെന്ന് കെട്ടിട ഉടമയോട് സമ്മത പത്രം വാങ്ങുന്നുണ്ട്.
- റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.
  വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 611 അപേക്ഷകളിൽ ഓഡിറ്റ് തിയതിവരെ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിയമനം നടത്തുന്നതിനായി പത്ര പരസ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 13 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അടുത്ത പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം അഭിമുഖം നടത്തി യോഗ്യരായവരെ നിയമിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

2). സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

3). FACTEOS ലൈസൻസ് ഫീസ്

2022-23 സാമ്പത്തിക വർഷത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നായി 427000/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത് (തൻ വർഷത്തെ കളക്ഷൻ-207950/-, അഡ്വാൻസ് കളക്ഷൻ-214050/-, അരിയർ കളക്ഷൻ-5000). വാർഡ് അടിസ്ഥാനത്തിൽ ട്രേഡ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ട്. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4).തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടം അല്ലെങ്കിൽ കൈവശക്കാരനോട്ടം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്.

എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

.ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനത്തിൽ 450 രൂപയാണ് വരവ് ഉള്ളത്.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തിരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

2018-19

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ | മേലെ മരത്താണി അങ്കനവാടി കുഴൽ കിണർ | Cheque No.3044471 Dt 7/3/19 | 41450 | 0 | പൂർത്തീകരിച്ചു. (യു.സി ലഭിച്ചില്ല) | 41450 |
| കെ.എസ്.ഇ.ബി | കാരാട്ടുതൊടി കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ | Bill No.8/18 -19 Dt 30/08/18 | 68682 | 0 | പൂർത്തീകരിച്ചു. (യു.സി ലഭിച്ചില്ല) | 68682 |
| ഗ്രൗണ്ട് വാട്ടർ | ജി.യു.പി.എസ് എള്ളൂർ കുഴൽ കിണർ | Cheque No.3044471 Dt 7/3/19 | 46740 | 0 | പൂർത്തീകരിച്ചു. (യു.സി ലഭിച്ചില്ല) | 46740 |

2019-20

| നിർവഹണ ഏജൻസി | പ്രൊജക്റ്റ് നമ്പർ/ പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ, ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KGA | 11/20 ഹാജിയാർപടി അംഗനവാടി കുഴൽ കിണർ | 21900547 Dtd 14.08.19 &21901095 Dtd19.12.19 | 52525 | 0 | പൂർത്തീകരിച്ചിട്ടില്ല | 52525 |
| KGA | 144/20 ഗോതമ്പ് റോഡ് കുഴൽ കിണർ നിർമ്മാണം വാർഡ് | ചെക്ക് നമ്പർ 3044762 തീയതി 24-10-19 | 51562 | 0 | പൂർത്തീകരിച്ചിട്ടില്ല | 0 |
| KSEB | 152/20 പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 21901085, 21901086 Dtd 22.11.19 & 21901096 Dtd 23.12.19 | 795000 | 0 | പൂർത്തീകരിച്ചിട്ടില്ല | 795000 |

| | | | | | | |
|---|---|---|---|---|---|---|
| KGA | 174/20 പിലാതോട്ടം കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ, അനുബന്ധ പ്രവൃത്തികളും | 21900546 Dtd 14.08.19 | 5790 | 0 | പൂർത്തീകരിച്ചിട്ടില്ല | 0 |
| KGA | 211/20 കുമംകുളം അംഗനവാടിക്ക് മോട്ടോർടാങ്ക് | 21901093, Dtd 13.12.19 & 21901265 Dtd 18.12.19 | 25579 | 0 | പൂർത്തീകരിച്ചിട്ടില്ല | 25579 |
| KSEB | 281/20 ചീരക്കുഴി പൂളക്കുന്ന് തെരുവ് വിളക്ക് ലൈൻ വലിക്കൽ | 21901481, Dtd 20.03.20 | 26632 | 0 | പൂർത്തീകരിച്ചിട്ടില്ല | 26632 |
| KSEB | 321/20 ചെറമ്മൽപടി മുതൽ ആനക്കോട്ട് പുറം വരെ ലൈൻ വലിക്കൽ | 21900535, 21900534 Dtd 29.07.19 | 27966 | 0 | പൂർത്തീകരിച്ചിട്ടില്ല | 27966 |
| KGA | 414/20 കുഴൽകിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ | 21900656 Dtd 16.10.19 | 214000 | 0 | പൂർത്തീകരിച്ചിട്ടില്ല | 214000 |
| KGA | 427/20 ചീരക്കുഴി കോളനി കുടിവെള്ള പദ്ധതി കുഴൽ കിണർ | 21900538, Dtd 02.08.19 & 21901256 Dtd 14.02.20 | 44525 | 0 | പൂർത്തീകരിച്ചിട്ടില്ല | 44525 |
| KGA | 428/20 എളങ്കൂർ ജി യു പി സ്കൂൾ കുഴൽ കിണറിന് മോട്ടോർടാങ്ക് | 21900659 Dtd 16.10.19 | 102000 | 0 | പൂർത്തീകരിച്ചിട്ടില്ല | 102000 |
| KGA | 432/20 പഞ്ചായത്ത് ഓഫീസ് കുഴൽ കിണർ മോട്ടോർടാങ്ക് പ്ലംബിംഗ് | 21900910 Dtd 13.12.19 | 104000 | 0 | പൂർത്തീകരിച്ചിട്ടില്ല | 104000 |
| KGA | 436/20 കുന്നംപുറം എസ് സി കോളനി കുടിവെള്ള പദ്ധതി റിപ്പയർ കുഴൽ കിണർ റിപ്പയർ മോട്ടോർ മാറ്റി സ്ഥാപിക്കൽ | 21900900 Dtd 13.12.19 | 5790 | 0 | പൂർത്തീകരിച്ചിട്ടില്ല | 5790 |
| KSEB | 461/20 അക്കരപ്പറമ്പ് ചിറക്കര നരസിംഹമൂർത്തി ക്ഷേത്രം സ്ട്രീറ്റ് ലൈൻ വലിക്കൽ | 21901058 Dtd 23.01.20 | 45000 | 0 | പൂർത്തീകരിച്ചിട്ടില്ല | 104000 |
| KSEB | 478/20 കൊടശ്ശേരി പറക്കുന്ന് പടിഞ്ഞാറേ തേക്കിൻകാട് ലൈൻ വലിക്കൽ | 21901461, 21901460 Dtd 20.03.20 | 80087 | 0 | പൂർത്തീകരിച്ചിട്ടില്ല | 80087 |

2020-21

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | പൂർത്തീകരിച്ച വിവരം | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 126 പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 22001389 Dtd 05.03.21 | 249900 | യു.സി.ലഭ്യമായിട്ടില്ല | 249900 |
| KGA | 340, പിലാതോട്ടം കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ, അനുബന്ധപ്രവൃത്തികളും | 22000269 Dtd 12.04.2020 | 74210 | യു.സി.ലഭ്യമായിട്ടില്ല | 74210 |

| | | | | | |
|---|---|---|---|---|---|
| KGA | 350, കുമംകുളം അംഗനവാടിക്ക് മോട്ടോർടാങ്ക് | 22000305 Dtd 12.04.2020 | 58211 | യു.സി.ലഭ്യമായിട്ടില്ല | 58211 |
| KGA | വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 22000843 Dtd 06.11.2020 | 264375 | യു.സി.ലഭ്യമായിട്ടില്ല | 264375 |
| KSEB | പഞ്ചായത്ത് ഓഫീസിനു മുന്നിലെ വൈദ്യുതി ലൈൻ ഉയർത്തൽ | 22000875 Dtd 20.11.2020 | 93364 | യു.സി.ലഭ്യമായിട്ടില്ല | 93364 |
| KSEB | വൈദ്യുതി കണക്ഷന തുക അടവാക്കൽ | 22001395 Dtd 15.03.21 | 79373 | യു.സി.ലഭ്യമായിട്ടില്ല | 79373 |

2021-22

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | പൂർത്തീകരിച്ച വിവരം | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 352 വെടിയംകുന്ന് SC കോളനി ലൈൻ വലിക്കൽ | 22101193 Dtd 19.03.2022 | 40045 | പൂർത്തീകരിച്ചിട്ടില്ല | 40045 യു.സി. ലഭ്യമാക്കിയിട്ടില്ല |
| KSEB | 248 തെരുവ് വിളക്ക് ലൈൻ വലിക്കൽ | 22101248 Dtd 31.03.2022, 22101006/ 05.03.22 | 4081820 | യു.സി.ലഭ്യമായിട്ടില്ല | 4081820 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ പത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:2/22-23/10.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 സിഡ്കോയിൽ നിന്നും സർക്കാർ അനുമതി ഇല്ലാത്ത സാധനങ്ങൾ നേരിട്ട് വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 428/23 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഫർണിച്ചറും അലമാരകളും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| അടങ്കൽ / ഫണ്ട് | 200000/-, മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക | 199613/- |
| ബിൽ റഫറൻസ് നമ്പർ / തീയതി | 221518520348O1276222 / 02.03.2023 |
| ഇൻവോയ്സ് നമ്പർ / തീയതി | KTM/22-23/97, 26.01.2023 |

മേൽ പ്രൊജക്റ്റ് മുഖേന ചുവടെ ചേർത്ത ഇനങ്ങൾ സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | വില (Without Gst) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Steel Computer Table With CPU Provision & Key Board & One Drawer 120 X 75 X 75 | 1 | 7364 | 7364 |
| 2 | Steel Cabinet<br>198x90x48cm | 4 | 9399 | 37596 |
| 3 | Steel Slotted Angle Iron Rack 6 Pannel 180 X 90 X 38 | 3 | 4558 | 13674 |
| 4 | Steel Cabinet 168 X 90 X 45 | 2 | 8750 | 17500 |
| 5 | S Type Visitors Chair With Cushion Seat And Back | 5 | 3950 | 19750 |
| 6 | Executive High Back Revolving Chair | 2 | 8024 | 16048 |
| 7 | Height Adjustable Revolving Stool | 4 | 3850 | 15400 |
| 8 | Blue Plastic Pallets 2500 Kg, 1200 X 1000 X 125 Mm | 4 | 4200 | 16800 |
| 9 | Steel Cabinet With Double Locker 198 X 90 X 48 Cm | 2 | 11016 | 22032 |
| ആകെ | | | | 166164/- |

സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി ഒ (ആർ ടി) 26/2015/SPD തിയതി 28.05.2015, ജി ഒ (ആർ ടി) 10/2021/SPD തിയതി 03.03.2021 , സ. ഉ /(സാധാ) നം 97/2022/എസ്.പി.ഡി തിയതി 23.12.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയുടെ വിലവിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവുകളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഉൽപന്നങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ പ്രകാരം മാത്രമേ വാങ്ങൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പട്ടികയിൽ ചേർത്തിട്ടുള്ള ഇനങ്ങളിൽ ക്രമ നമ്പർ 4 മുതൽ 9 വരെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഉത്തരവ് പ്രകാരം അനുമതി നൽകിയതായി കാണുന്നില്ല. മേൽ സാധനങ്ങൾ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ള ഉത്തരവ് ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 31/13.10.2023 )മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമവിരുദ്ധമായി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ ചെലവഴിച്ച തുക (107530+19355 GST=126885/-) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ക്രമവിരുദ്ധമായ ചെലവിന്മേൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 വാഹന വാടകയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) നിർവ്വഹണം നടത്തിയ പരിരക്ഷ പാലിയേറ്റീവ് പദ്ധതിയിൽ പഞ്ചായത്ത് പരിധിയിൽ ഹോംകെയറിന് പോകുന്നതിന് ക്വട്ടേഷനിലൂടെ 01.04.22മുതൽ 31.03.23 വരെ വരെയുള്ള കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ വാഹനം വാടകക്കെടുത്തിട്ടുണ്ട്. ഇപ്രകാരം വാഹന വാടകയിനത്തിൽ ചെലവഴിച്ച തുകയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പേര് | 72/23 , പരിരക്ഷ പദ്ധതി |
| ഫണ്ട് / അടങ്കൽ | വികസന ഫണ്ട് പൊതുവിഭാഗം - 1500000/<br>തനത് ഫണ്ട് -100000/-<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം)- 400000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ട്രാൻസ്പോർട്ട് കോൺട്രാക്ടർക്ക് നല്കിയ ആകെ തുക | 537650 രൂപ |
| ട്രാൻസ്പോർട്ട് കോൺട്രാക്ടർ | ശ്രീ. ഫൈസൽ |

ചെലവ് തുകയുടെ വിശദാംശങ്ങൾ.

| ബിൽ റഫറൻസ് നമ്പർ | തുക |
|---|---|
| 2215185203480155126/29.03.2023 | 46400 |
| 2215185203480140168/13.03.2023 | 46400 |
| 2215185203480158574/02.06.2022 | 92800 |
| 22151852034801198226/16.02.2023 | 46400 |
| 22151852034800260512/01.07.2022 | 46400 |
| 22151852034800803161/17.11.2022 | 92800 |
| 22151852034800937956/17.12.2022 | 120050 |
| 22151852034801045270/13.01.2023 | 46400 |
| ആകെ | 537650 |

ആദായ നികുതി നിയമം സെക്ഷൻ 194 C പ്രകാരം ട്രാൻസ്പോർട് കോൺട്രാക്ടർമാർക്ക് നല്കുന്ന തുകയിൽ നിന്നും (പ്രതിവർഷം 100000 രൂപയിൽ കൂടുമ്പോൾ) 1% ആദായ നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ട്രാൻസ്പോർട് കോൺട്രാക്ടർമാർക്ക് നൽകിയ ബില്ലുകളിൽ നിന്നും ഇൻകം ടാക്സ് ഈടാക്കി അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 32/ 13.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതും തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 പൊതുടാപ് - വൈദ്യുത ചാർജ്ജ് അടവാക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

വാട്ടർ അതോറിറ്റി കൈമാറിയ ഗ്രാമ പഞ്ചായത്ത് പരിധിയിലെ കാരകുന്ന്, ഊത്താലക്കണ്ടി എന്നീ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നാണ് അടവാക്കുന്നത്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് പതിനാലാം പഞ്ച വത്സര പദ്ധതി മാർഗ്ഗ രേഖ (സ.ഉ.(കൈ)നം.115/2022ത.സ്വ.ഭ.വ /28.5.2022 ഖണ്ഡിക 7 ലെ പൊതു നിർദ്ദേശങ്ങൽ)പ്രകാരം കുടിവെള്ള പദ്ധതികളുടെ ചുമതല ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപിക്കേണ്ടതും ചെലവ് കമ്മിറ്റി തന്നെ വഹിക്കേണ്ടതാണെന്നും നിർദ്ദേശമുള്ളതാണ്. എസ്.സി. കോളനികളിലെ കുടിവെള്ള പദ്ധതികൾക്കാണ് ഇക്കാര്യത്തിൽ ഇളവ് നൽകിയിട്ടുള്ളത്. ജനറൽ പദ്ധതി കളുടെ 50000 രൂപയിൽ താഴെയുള്ള ചെലവ് പരിപാലന കമ്മറ്റികൾ തന്നെ വഹിക്കണമെന്നും നിർദ്ധശമുള്ളതാണ്.ഇക്കാര്യം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും നിലവിലും ഇപ്രകാരം തുടരുകയാണ്. ഇക്കാര്യത്തിൽ സെക്രട്ടറി വിയോജനം അറിയിച്ചിരുന്നുവെങ്കിലും സെക്രട്ടറിയുടെ പേരിലുണ്ടാകുന്ന സാമ്പത്തിക ബാധ്യത നിലവിലുള്ള ഭരണസമിതി ഏറ്റെടുക്കുന്നതിന് ഭരണ സമിതി തീരുമാനിക്കുകയാണ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് വർഷത്തെ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നം | വൗച്ചർ നമ്പർ | കാരകുന്ന് കുടിവെള്ള പദ്ധതി (ജനറൽ) (കൺസ്യൂമർ നം. 1167060000924) | ഊത്താലക്കണ്ടി കുടിവെള്ള പദ്ധതി (ജനറൽ) (കൺസ്യൂമർനം.1167060001991) | ആകെ തുക |
|---|---|---|---|---|
| 1 | 22200014/16.4.22 | 6455 | 3056 | 9511 |
| 2 | 22200105/3.5.22 | 7742 | 2788 | 10530 |
| 3 | 22200163/22.6.22 | 5397 | 740 | 6137 |
| 4 | 22200442/20.7.22 | 7584 | 1912 | 9496 |
| 5 | 22200345/10.8.22 | 4902 | 978 | 9496 |
| 6 | 22200427/24.9.22 | 5533 | 993 | 6526 |
| 7 | 22200541/12.10.22 | 4239 | 982 | 5221 |
| 8 | 22200600/21.11.22 | 4716 | 982 | 5698 |
| 9 | 22200661/12.12.22 | 5360 | 978 | 6338 |
| 10 | 22200741/12.1.23 | 6338 | 1165 | 7503 |
| 11 | 22200761/10.2.23 | 8414 | 1165 | 9579 |
| 12 | 22200820/10.3.23 | 7122 | 2030 | 9152 |

| | | | | |
|---|---|---|---|---|
| | ആകെ | | | 95187 |

സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള ഗ്രാമ പഞ്ചായത്തിന്റെ തീരുമാനം നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ പുന: പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക തെറ്റായ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങളുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:14/22-23/12.10.22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 സോളാർ മിനിമാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം/പേര് | 91/23-മിനിമാസ്റ്റ് -സോളാർ ലൈറ്റ് സ്ഥാപിക്കൽ (So) | അടങ്കൽ /ഫണ്ടിനം | 842800 (ജനറൽ) |
| ചെലവ് | 840000/- | ബിൽ നം/തീ | 186/10.11.22 |
| കോൺട്രാക്ട് | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്,കൊല്ലം(അക്രഡിറ്റഡ്) | എഗ്രിമെന്റ് | 17/22/3.3.22 |

പഞ്ചായത്തിൽ അക്രഡിറ്റഡ് ഏജൻസി മുഖേന 3 സോളാർ ലൈറ്റ് മിനിമാസ്റ്റ് (24W LED Solar Minimast Flood Light )സ്ഥാപിക്കുന്നതിനുള്ള തയ്യാറാക്കിയിട്ടുള്ളപ്രൊജക്ടുകൾ ആണിത്.

അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം പുതുക്കിയത് സംബന്ധിച്ച സർക്കാർ ഉത്തരവ് പി(നം:104/2022 /ധനം/2.9.2022 പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ "യുണൈറ്റഡ് ഇലക്ട്രിക്കൽസ് ,കൊല്ലം" എന്ന സ്ഥാപനത്തിന് ഇലക്ട്രിക്കൽ പ്രവർത്തികളുടെ PMC ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്.(സോളാർ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള ഉത്തരവ് ഇല്ല).ആയതിനാൽ ഈ പ്രവൃത്തി യുണൈറ്റഡ് ഇൻഡസ്ട്രീസിനെ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ഏൽപ്പിച്ചത് ക്രമപ്രകാരമല്ല. മാത്രമല്ല പദ്ധതി നിർവ്വഹണത്തിൽ താഴെ കൊടുത്ത അപാകതകളും സംഭവിച്ചിട്ടുണ്ട്. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കണം.

1. CPWD/MoRTH/MORD സ്പെസിഫിക്കേഷനുകളും, ഡാറ്റയും അതാത് സംഗതി പോലെ ബാധകമായ കോസ്റ്റ് ഇൻഡെക്സോടു കൂടി നിലവിലെ DSR ഉം അടിസ്ഥാനമാക്കി വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കണം. ആയത് തയ്യാറാക്കിയിട്ടില്ല.

2.അനർട്ടിന്റ വാല്യേഷൻ ലഭ്യമാക്കണം ആയത് ലഭ്യമാക്കിയിട്ടില്ല.

3.ഇൻസ്റ്റലേഷൻ ആയതിനാൽ IT 2% W.F 1% ഈടാക്കണം (2%IT 15000/- ഈടാക്കിയിട്ടുണ്ട്,wf ഈടാക്കിയിട്ടില്ല)

4.2.50 ലക്ഷത്തിൽ അധികമായതിനാൽ 2% TDS നടത്തണം (ഇൻവോയ്സ് നം: 823/24.3.2022 750000+ 12% Gst ) ആയത് നടത്തിയിട്ടില്ല.

5.ഏജൻസി സോളാർ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിവരം ,വാല്യോഷൻ എന്നിവ ലഭ്യമാക്കിയിട്ടില്ല.

6.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയതിൽ (30.3.2022 തീയ്യതിയിലെ ) 4 24W LED LIGHT എന്നാണ് കാണിച്ചിട്ടുള്ളത്.എന്നാൽ 3 എണ്ണം മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ.മേൽ പരാമർശങ്ങൾ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടാതാണ് . ചിലവ് തുക 840000/- രൂപ തടസ്സപ്പെടുത്തുന്നു.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 3/22-23/10.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 ഇലക്ട്രിഫിക്കേഷൻ- സർക്കാർ നിർദ്ധേശം പാലിക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

| | | | |
|---|---|---|---|
| പ്രൊജക്ട് നം /പേര് | 98/23-അംഗനവാടി വയറിങ് | അടങ്കൽ/ഫണ്ടിനം | 380000(MGNR) |
| ചെലവ് | 377799/- | ബിൽ നം | 37/20.6.22 |
| കോൺട്രാക്ടർ | ചന്ദ്രൻ | എഗ്രിമെന്റ് | 8/21-22 /5.3.22 |
| എംബുക്ക് | 394/21-22 | നിരക്ക് | എസ്റ്റിമേറ്റ് |

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി .എഞ്ചിനീയർ ഉൾപ്പെടുഉം PWD, KSEB,

Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (Technical Committee) ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി .എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മത പത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 200000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.(ആകെ എസ്റ്റിമേറ്റിൻറ 2.5% ) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ പ്രൊജക്ടിന്റെ എസ്റ്റമേറ്റ് തയ്യാറാക്കി, സൂപ്പർവിഷൻ നടത്തി, ചെക്ക് മെഷർ ചെയ്തതിനുള്ള പ്രതിഫലമായി ശ്രീ.അലി കുന്നത്ത് ,ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതി മെമ്പർക്ക് 13045/-രൂപ അനുവദിച്ചിട്ടുണ്ട്.(അക്കൗണ്ട് നം:16000100027269 ഫെഡറൽ ബാങ്ക് ).അനുവദനീയമായിട്ടുള്ളത് (പ്രവർത്തി മൂല്യം-380000 X2.5%) 9500/-രൂപ മാത്രമാണ്. അധികം നൽകിയ 3545/-രൂപ തിരികെ ഈടാക്കണം

2022- 23 വർഷത്തിൽ നടപ്പിലാക്കിയ മേൽ ഇലക്ട്രിക്കൽ പ്രവൃത്തികളിൽ മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്കുള്ള 2% ഓണറേറിയവും പ്രവൃത്തികളുടെ പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 0.5% ഓണറേറിയവും ഒരേ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:4/22-23/10.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം നൽകിയ തുക (4904/-രൂപ) ഈടാക്കേണ്ടതും ,സർക്കാർ നിർദ്ധേശം പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

## 1-18 തെരുവ് വിളക്ക് റിപ്പയർ-ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 87/23-തെരുവ് വിളക്ക് പരിപാലനം -ഉപകരണങ്ങൾവാങ്ങൽ | അടങ്കൽ/ഫണ്ടിനം | 300000(ജനറൽ) |
| ചെലവ് | 300000/- | ബിൽ നം: /തീ: | 27/22-23 /4.6.22 |
| കോൺട്രാക്ട് 87 | യുണൈറ്റഡ് ഇസക്ട്രിക്കൽസ് (UEIL) | എഗ്രിമെന്റ് | 8/21-22/27.1.22 |
| ഉപകരണങ്ങൾ | INVOICE 813& 812<br>12 W LED ബൾബ് 700<br>Holder 300<br>BULBSHADE 150<br>WIRE 4 Roll<br>BALLAST 150<br>INSULATION 10<br>TOTAL(18%gst)-300000 (TDS | INVOICE | 813/23.3.2022<br>812/23.3.2022 |

| | | | |
|---|---|---|---|
| | നടത്തിയിട്ടുണ്ട്) | | |

പഞ്ചായത്തിലേക്ക് ആവശ്യമായ തെരുവ് വിളക്ക് റിപ്പയർ ഉപകരണങ്ങൾ വാങ്ങുന്നതിന്ന് വേണ്ടിയുള്ള പ്രൊജക്റ്റ് ആണിത് അക്രഡിറ്റഡ് ഏജൻസി മുഖേന വാങ്ങുന്നതിന് വേണ്ടിയാണ് പ്രൊജക്റ്റ് നിർദ്ധേശം.

അപാകതകൾ

1.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

2.ഏജൻസി സ്വന്തമായി നിർമ്മിച്ച ഉപകരണങ്ങൾ ആണെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

1.പർച്ചേസിന്റെ സ്റ്റോക്ക് /വിതരണ രേഖ ഹാജരാക്കിയിട്ടില്ല.ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:5/22-23 /10.10.23 മറുപടി ലഭ്യമാക്കിയിട്ടില്ല. തുക 300000/- തടസ്സപ്പെടുത്തുന്നു

## 1-19 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവ് -വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം:പേര് | 251/23 -ഘടക സ്ഥാപനങ്ങൾക്ക് കണ്ടീജന്റ് ചെലവ് | അടങ്കൽ/ഫണ്ടിനം | 600000(MGNR) |
| ചെലവ് | 589600/- | ബിൽ നം: /തീ: | 189/29.8.22-40000<br>126/2.9.22-190000<br>133/17.9.22-220800<br>144/21.10.22-35000<br>177/3.11.22-54800<br>385/24.2.23-49000 |

വിവിധ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം /യഥാർത്ഥ ടെലവ് രേഖകൾനിർവ്വഹണോദ്യോഗസ്ഥരിൽ നിന്ന് ലഭ്യമാക്കേണ്ടതാണെന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:6./22-23/10.10.23 )ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ വിവരം/യഥാർത്ഥ ചെലവ് രേഖകൾ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ,വാർഷിക കണക്കിൽ ആയത് ക്രമീകരിക്കേണ്ടതുമാണ്.

## 1-20 മുൻകൂർ/ഡപ്പോസിറ്റ് നൽകൽ വിനിയോഗ വിവരം/രശീതി ലഭ്യമാക്കണം

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

| പ്രൊജക്റ്റ് നം:പേര് | സ്ഥാപനം | അടങ്കൽ | ചെലവ് | ബിൽ/തീ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1.418/23-അംഗനവാടി നിർമ്മാണം MGNREGS ന് തുക നൽകൽ | Mgnregs | 600000(ജനറൽ) | 600000 | 338/1.2.2023 | U/c ലഭ്യമാക്കി യിട്ടില്ല |
| 2.94/23 മഞ്ഞപ്പെറ്റ സ്കൂൾ കുടിവെള്ള കണക്ഷൻ | KWA | 200000(cfc) | 110326 | 181/9.11.2022 | U/c ലഭ്യമാക്കി യിട്ടില്ല |
| 3.73/23-ഐ.കെ.എം ന് വിഹിതം | IKMമലപ്പുറം | 152704 | 152704 | 100/22-23 /19.8.22 | കൈപ്പറ്റ് രശീതിലഭ്യമാക്കി യിട്ടില്ല |
| 4.479/23-അന്താരാഷ്ട്ര കോൺക്ലേവ് | എക്സി.ഡയറക്ടർ, ശുചിത്വമിഷൻ | 25000 | 25000 | 354/31.1.23 | U/c ലഭ്യമാക്കി യിട്ടില്ല |
| | | ആകെ | 888030 | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു .ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:29/22-23/16.10.23)സമർപ്പിച്ച മറുപടിയിൽ വിനിയോഗ വിവരം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചു.

## 1-21 AMC ക്ക് തുക നൽകൽ -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 245/23-കമ്പ്യൂട്ടർ എ.എം.സി | അടങ്കൽ/ഫണ്ടിനം | 150000(cfc) |
| ചെലവ് | 110326/- | ബിൽ നം: /തീ: | 181/9.11.22 |
| കോൺട്രാക്ട് | കെൽട്രോൺ | എഗ്രിമെന്റ് | ഉണ്ട് |

മേൽ പ്രകാരം കെൽട്രോണിന് തുക അനുവദിച്ചതിൽ ബിൽ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത് . കെൽട്രോണിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല.എൻക്വയറി നം (28/22-23/13.10.22)ന് ആയത് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-22 ദുരിതാശ്വാസ നിധി സർക്കാർ നിർദ്ദേശം പാലിക്കണം

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ ആവശ്യത്തിലേക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസ നിധി രൂപീകരിക്കുകയോ അക്കൗണ്ട് തുടങ്ങുകയോ ചെയ്തിട്ടില്ല . 21-22 ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച പരാമർശം ഉണ്ടെങ്കിലും തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല.എൻക്വയറി (നം 27/22-23/13.10.22)ക്ക് സമർപ്പിച്ച മറുപടിയിൽ ആയത് രൂപീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് റിപ്പയർ - -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി**

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 257/23-തെരുവ് വിളക്ക് റിപ്പയർ -വേതനം നൽകൽ | അടങ്കൽ/ഫണ്ടിനം | 200000(തനത്) |
| ചെലവ് | 183975/- | ബിൽ നം: /തീ: | 116/25.8.22 |
| കോൺട്രാക്ട് | മുഹമ്മദ് സുഹൈൽ | എഗ്രിമെന്റ് | 1/22-23/1.4.22 |

മേൽ പ്രൊജക്ട് പ്രകാരം കോൺട്രാക്ടർക്ക് കരാർ പ്രകാരമുള്ള തുക നൽകിയതിന് ആദായ നികുതി നിയമം 194 സി പ്രകാരം 1% ആദായ നികുതി 1840/-രൂപ ഈടാക്കിയിട്ടില്ല .അയത് ഈടാക്കി അടവ് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.എൻക്വയറിക്ക് ( നം:17/22-23/12.10.22)മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-24 കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റിവെയ്ക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ രേഖ ഉത്തരവ് ((പി) നം:67/2021/ധനം/തീ:28.4.2021) യിൽ വ്യക്തമാക്കിയിട്ടുണ്ട്.ആയത് പ്രകാരം പി.എം.സി ആയിട്ടുള്ളതോ നോൺ പി.എം.സി ആയിട്ടുള്ളതോ ആയ അക്രഡിറ്റഡ് ഏജൻസികളെ പ്രവർത്തികൾ സെന്റേജ് ചാർജ്ജ് നൽകികൊണ്ട് (1 കോടി രൂപ വരെ എസ്റ്റിമേറ്റ് ഉള്ള പ്രവർത്തികൾക്ക് 8% വരെ) ഏൽപ്പിക്കാവുന്നതാണ്. പരിഷ്കരിച്ച അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക സംബന്ധിച്ച ഉത്തരവ് ((പി) നം:104/2022 /ധനം/തീ:2.09.2022)പ്രകാരമുള്ളതാണ് പ്രാബല്യത്തിലുള്ളത് .കൂടാതെ സ്വന്തമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ കാലാ

കാലങ്ങളിൽ സർക്കാർ നിശ്ചയിച്ച അംഗീകരിച്ച പ്രൈസ്റ്റ് ലിസ്റ്റ് നിരക്ക് അടിസ്ഥാനത്തിൽ ടെൻണ്ടർ കൂടാതെ വാങ്ങിക്കാവുന്നതാണ്. താഴെ പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണം "അക്രഡിറ്റഡ് ഏജൻസി മുഖേന" എന്നാണ് പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2022-23 ലേക്ക് അക്രഡിറ്റേഷൻ പുതുക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധനയിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെൻണ്ടർ നടപടികൾ സ്വീകരിക്കാതെ "റെയ്ഡ്കോ, മലപ്പുറം" എന്ന ഏജൻസിയെ ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത് .ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് 7.2.2023 ലെ 18/1 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഏജൻസിക്ക് നിർവ്വഹണോദ്യോഗസ്ഥൻ വർക്ക് ഓർഡർ നൽകി. പ്രവൃത്തി പൂർത്തീകരിച്ച് റെയ്ഡ്കോ സമർപ്പിച്ച ബിൽ ഇൻവോയ്സ് പ്രകാരം തുക നൽകുകയും ചെയ്തു .വിശദ വിവരം ചുവടെ ചേർക്കുന്നു

**1.**

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 95/23 -കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ | അടങ്കൽ/ഫണ്ടിനം | 773500 |
| ചെലവ് | 771669/- | ബിൽ നം: /തീ: | 182/9.11.22 |
| കോൺട്രാക്ട് | അക്രഡിറ്റഡ് ഏജൻസി മുഖേന(റെയ്ഡ്കോ,മലപ്പുറം) | എഗ്രിമെന്റ് | ഉണ്ട് |

2.

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 41/23 -കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ<br>472/23--കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ | അടങ്കൽ/ഫണ്ടിനം | 332400(cfc)<br>425000(cfc) |
| ചെലവ് | 331947/-<br>425000/- | ബിൽ നം: /തീ: | 495/20.3.23<br>585/28.3.23 |
| കോൺട്രാക്ട് | അക്രഡിറ്റഡ് ഏജൻസി മുഖേന(റെയ്ഡ്കോ,മലപ്പുറം) | എഗ്രിമെന്റ് | ഉണ്ട് |

മേൽ പ്രൊജക്ടുകൾ പ്രകാരം പഞ്ചായത്തിലെ കുടിവെള്ള പദ്ധതി കളുടെ കേടുവന്ന മോട്ടോർ മാറ്റി വെക്കുന്നതിനുള്ള വയാണ് .എന്നാൽ മേൽ കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പ് പരിപാലന കമ്മറ്റികളെ രേഖാമൂലം ഏൽപ്പിച്ച രേഖകളോ ,റിപ്പയർ ആവശ്യമാണെന്ന് കാണിച്ചുള്ള കമ്മറ്റികളുടെ അപേക്ഷയോ ,ക്ഷമതയുള്ള ഉദ്ധ്യോഗസ്ഥൻെറ പരിശോധ റിപ്പോർട്ട് , എസ്റ്റിമേറ്റ്, ശുപാർശ എന്നിവയോ ഫയലിൽ ഇല്ല. ബിൽ തുക റെയ്ഡ്കോയ്ക്ക് നൽകിയതിന്റെ ബിൽ ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു

1.പ്രൊജക്ട് നം 95/23

| ഇൻവോയ്സ് നം | മോട്ടോർ (HP) | അനുവദിച്ച തുക |
|---|---|---|
| 1.NLR/280/21-22/23.3.22 | 5HP Open Well | 123369 (108099+16270 GST) |
| 2.NLR/288/21-22/24.3.22 | 3HP Open Well | 98219 (85384+12835 GST) |
| 3.NLR/285/21-22/23.3.22 | 5HP Open Well | 107939 (93812+14127 GST) |
| 4.NLR/284/21-22/23.3.22 | 1.5HP Open Well | 55469 (48234+7235GST) |
| 5.NLR/283/21-22/23.3.22 | 3HP Open Well | 99420(86406+13013 GST) |
| 6NLR/282/21-22/23.3.22 | 7.5HP Open Well | 144880 (125663+19217 GST) |
| 7.NLR/281/21-22/23.3.22 | 5HP Bore Well | 121348 (104994+16354 GST) |
| | ആകെ | 750644 |

2.പ്രൊജക്ട് നം 41/23,472/23

| ഇൻവോയ്സ് നം | മോട്ടോർ HP | അനുവദിച്ച തുക |
|---|---|---|

| | | |
|---|---|---|
| 1.NLR/562/22-23/27.3.23 | 6HP Open Well | 197522(167645+29876GST) |
| 2.NLR/563/22-23/27.3.23 | 5HP Open Well | 134425(114092+20422 GST) |
| 3.NLR/564/22-23/27.3.23 | 5HP Open Well | 94285 (79954+14331 GST) |
| 4.NLR/565/22-23/27.3.23 | 1.5HP Open Well | 56407 (47853 +8553 GST) |
| 5.NLR/566/22-23/27.3.23 | 5HP Open Well | 142949(121144+21805GST) |
| 6NLR/514/22-23/14.3.23 | 1HP Bore Well | 70931 (60200 +10731 GST) |
| 7.NLR/515/22-23/14.3.23 | 1.5 Open Well | 57075 (48419 +8656GST) |
| | ആകെ | 1528616(1291899+236717 GST) |

അപാകതകൾ

1.അക്രഡിറ്റഡ് ഏജൻസികളുടെ മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഉത്തരവിൽ (GO(P)67/2021/FIN/28.4.2021 ൽ സിവിൽ/ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള നിരക്കുകളാണ് ബാധകമാക്കിയിട്ടുള്ളത് .

അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം പുതുക്കിയത് സംബന്ധിച്ച സർക്കാർ ഉത്തരവ് പി(നം:104/2022 /ധനം/2.9.2022 പ്രകാരം "റെയ്ഡ്കോ"യെ അക്രഡിറ്റഡ് ഏജൻസിയായി തെരെഞ്ഞെടുത്തിട്ടില്ല."റെയ്ഡ്കോ"യെ അക്രഡിറ്റഡ് ഏജൻസിയായി തെരെഞ്ഞെടുത്തിട്ടുള്ള മറ്റ് ഉത്തരവുകൾ ലഭ്യമാക്കിയിട്ടില്ല.അക്രഡിറ്റഡ് ഏജൻസി ആണെങ്കിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കണം

1.CPWD/MoRTH/MORD സ്പസിഫിക്കേഷനുകളും,ഡാറ്റായും അതാത് സംഗതി പോലെ ബാധകമായ കോസ്റ്റ് ഇൻഡക്സോടുകൂടി നിലവിലെ DSR ഉം അടിസ്ഥാനമാക്കി വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയർ മുഖേനയാണ് തയ്യാറാക്കേണ്ടത് ആയത് തയ്യാറാക്കിയിട്ടില്ല.

2.പഴയ മോട്ടോർ സ്റ്റോക്കിലെടുത്തതിന്റ വിവരം ലഭ്യമാക്കിയിട്ടില്ല
3.മോട്ടോറുകളുടെ ഗ്യാരന്റികാർഡ് ഹാജരാക്കിയിട്ടില്ല.
4.വാല്യേഷൻ നടത്തിയിട്ടില്ല.
5.PWD നിരക്കിനേക്കാൾ അധിക തുക അനുവദിക്കുന്നതിന് റെയ്ഡ്കോയ്ക്ക് സർക്കാർ നൽകിയ അനുമതി (പ്രൈസ് ലിസ്റ്റ്) ഹാജരാക്കിയിട്ടില്ല/
6.റെയ്ഡ്കോ യുടെ അക്രഡിറ്റേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല
7.ഇൻസ്റ്റലേഷൻ പ്രവർത്തി ആയതിനാൽ റിക്കവറികൾ നടത്തിയതിന്റ വവിരം ലഭ്യമാക്കിയിട്ടില്ല.(IT2%,WF1%,TDS2%)

8. 1 HP മോട്ടാറിന് (Open Well/bore Well)വാട്ടർ അതോറിറ്റിയുടെ അംഗീകരിച്ച നിരക്ക് (KWA/SP/ HO/333 /2011/5.11.2011) പ്രകാരം പഞ്ചായത്ത് അസി.എൻജിനിയർ തയ്യാറാക്കിയ നിലവിലെ ഒബ്സർവ്വഡ് ഡാറ്റ് പ്രകാരം (സ്പസിഫിക്കേഷൻ കോഡ് -നം:OD423959/2022/22-23 ) Oppen Well -16192/hp- രൂപയും Borewell 18500/hp-രൂപയും ആണ് അനുവദനീയ നിരക്ക് . വിശദമായ ഡാറ്റാ വിവരം ചുവടെ ചേർക്കുന്നു

**1.001 Specification Code :OD423959/2022-2023**

Supplying And Fixing **1HP** Submersible Motor And Pumb Set ,Suitable Suction Pipes And Including Wiring Supplying Switches ,Power Plugs Volt Meter Ammeter Etc Necessary Arrangements For Propper Working Of Pumb Set And Fitting Charges Convayance Etc Complete .

| Material | | Approved Rate By KWA As Per Order Number KWA /HO/SP/333/2011 | | |
|---|---|---|---|---|
| KWH | 1HP | 13940.6 | 13940.6 | Borewell(15613.43) |
| Total For 1HP | | | 13940.6 | 15613.43 |
| Add Water Charges | 13940.6 | 1.00% | 139.41 | 156.13 |
| Total | | | 14080.01 | 15769.56 |
| Add C.P&OH | 14080.01 | 15.00% | 2112 | 2365.43 |

| | | | | |
|---|---|---|---|---|
| Total | | | 16192/hp | 18135/hp |
| Add Cost Index | | 36.44% | 0 | 0 |
| | | TOTAL | 16192/HP | 18135/HP |
| | | GrandTotal1Kwh | 16192 | 18500 |
| തൃക്കലങ്ങോട് എൽ.എസ്.ജി.ഡി അസി.എൻജിനിയർ തയ്യാറാക്കിയ OD പകർപ്പ് | | | | |

എന്നാൽ റെയ്ഡകോ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം അധിക നിരക്ക് നൽകിയതിൻ്റെ വിവരം ചുവടെ ചേർക്കുന്നു

| ഇൻവോയ്സ് നം | മോട്ടോർ HP | ബിൽ പ്രകാരം അനുവദിച്ച തുക | അനുവദിക്കാവുന്നത് @16192/HP | അധികം |
|---|---|---|---|---|
| 1.NLR/280/21-22 /23.3.22 | 5HP Open Well | 123369(107099+16270 GST) | 80960+14573 | 26139+1697 |
| 2.NLR/288/21-22 /24.3.22 | 3HP-open Well | 98219(85384+12835 GST) | 48576+8743 | 36808+4092 |
| 3.NLR/285/21-22 /23.3.22 | 5HP Open Well | 107939 (93812+14127 GST) | 80960+14573 | 12852+0 |
| 4.NLR/284/21-22 /23.3.22 | 1.5HP-open Well | 55469 (48234+7235 GST) | 24288+4371 | 23946+2864 |
| 5.NLR/283/21-22 /23.3.22 | 3HP Open Well | 99420(86406+13013 GST) | 48576+8744 | 37830+4269 |
| 6NLR/282/21-22 /23.3.22 | 7.5HP Open Well | 144880(122880+22000GST) | 121440+21859 | 1440+141 |
| 7.NLR/281/21-22 /23.3.22 | 5HP Borewell | 121348(104648+16700GST) | 90675+16322 | 13973+378 |
| | | ആകെ | | 152988+13641 |

**2.**പ്രൊജക്റ്റ് നം 41/23

| ഇൻവോയ്സ് നം | മോട്ടോർ@ HP | ബിൽ പ്രകാരംഅനുവദിച്ച തുക | അനുവദിക്കാവുന്നത് @16192/HP/ @18500/hp | അധികം |
|---|---|---|---|---|
| 1.NLR/562/22-23/27.3.23 | 6Hopen Well | 197522(167645+29876GST) | 97152+17487 | 70493+12389 |
| 2.NLR/563/22-23/27.3.23 | 5HP Open Well | 134425(114092+20422GST) | 80960 +14573 | 33132+5849 |
| 3.NLR/564/22-23/27.3.23 | 5HP Open Well | 94285(79954+14331GST) | 80960 +14573 | (-)1248 |
| 4.NLR/565/22-23/27.3.23 | 1.5HP Open Well | 56407 (47853 +8553 GST) | 24288 +4371 | 23565+4182 |
| 5.NLR/566/22-23/27.3.23 | 5HP Open Well | 142949(121144+21805 GST) | 80960 +14573 | 40184+7233 |
| 6.NLR/514/22-23/14.3.23 | 1HPborewell | 70931(60200+10701 GST | 18135+3264 | 42065+7437 |
| 7.NLR/515/22-23/14.3.23 | 1.5 Borewell | 57075 (48419+8656GST ) | 24288 +4371 | 32787+4285 |
| | | | ആകെ | 240978+41375 |

| | | | | |
|---|---|---|---|---|
| | | | ആകെ 1&2 | 393966+55016 |

മേൽ പ്രകാരം മോട്ടോറുകൾക്ക് PWD നിരക്കിൽ അധികരിച്ച് നൽകിയ 448982/- രൂപ (229743+40885+151163+13441) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.കേന്ദ്ര/സംസ്ഥാന സർക്കാരിലേക്ക് അടവാക്കേണ്ട ആദായ നികുതി 2%(25838രൂപ),W.F 1% (12919 രൂപ )TDS 2% (25838 രൂപ)എന്നിവ ഈടാക്കി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:7/22-23 /10.10.23,10/22-23/11.10.23,19/12.10.23,41/17.10.23)ലഭ്യമാക്കിയ മറുപടിയി ൽ നിർവ്വഹണം നടത്തിയ റെയ്ഡ്കോയ്ക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും തുടർ നടപടി ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിച്ചുണ്ട് .നഷ്ട തുക കുറച്ചുള്ള തുക 1093711/-രൂപ രേഖകൾ ഹാജരാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു. വിശദ വിവരങ്ങൾക്ക് ഭാഗം 3 കാണുക.

## 1-25 ലൈബ്ററി സെസ്സ് അടവാക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം ) ആക്ട് , 1989ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൌൺസിലിന് നൽകേണ്ടതാണ്. സർക്കുലർ നം. 17263/ഘ3/തസ്വഭവ തിയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്.ആയത് പാലിക്കപ്പെട്ടതായികാണുന്നില്ല.

വൗച്ചർ നം 22200064/18.6.22 പ്രകാരം 667591/-രൂപ താഴെപ്പറയും പ്രകാരം ലൈബ്രറി സെസ്സ് അടവാക്കിയിട്ടുണ്ട്

| വർഷം | തുക |
|---|---|
| 20-21(I&II) | 269545 |
| 21-22 (I&II ) | 398046 |
| ആകെ | 667591 |

. പിരിച്ചെടുത്ത തുക സമയബന്ധിതമായി അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക കൃത്യസമയത്ത് ഒടുക്കിയില്ലെങ്കിൽ സെക്രട്ടറിയുടെ നഷ്ടോത്തരവാദിത്വത്തിൽ പിഴ അടവാക്കേണ്ടതും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുകയും ചെയ്യുന്നതാണ്.ലൈബ്രറി കൗൺസിലിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:12/22-23/12.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ലൈഫ് മിഷൻ ഭവനപദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം ആരംഭിച്ചില്ല.

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ ലൈഫ് മിഷൻ ഭവനപദ്ധതി കൾ പ്രകാരം 2022-23 ൽ ആദ്യ ഗഡു കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം. 463/23,ലൈഫ് മിഷൻ ഭവനപദ്ധതി (എസ് സി )

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | ഉഷ കെ പടിപ്പുകുന്ന് വീട്, കാരകുന്ന് (P O) | 60,000 | ബി ആർ എൻ 22151852034301358972/ 15.03.23 |

| | | | |
|---|---|---|---|
| 2 | രജിത ചാത്തംപ്പറ്റ വീട് തവ്വൂർ കുമംകുളം<br>തൃക്കലങ്ങോട് (P O) | 60,000 | ബി ആർ എൻ 2215185203430135897 2/ 15.03.23 |
| 3 | റീന നെല്ലികുന്ന് ,കുമംകുളം<br>തൃക്കലങ്ങോട് (P O) | 60,000 | ബി ആർ എൻ 2215185203430135903 2/ 15.03.23 |
| 4 | സോണിയ ടി കെ ,ചോലയിൽ ,തവ്വൂർ കുമംകുളം<br>തൃക്കലങ്ങോട് (P O) | 60,000 | ബി ആർ എൻ 2215185203430135903 2/ 15.03.23 |
| 5 | തങ്കമണി അമ്മാടൻ കരുവമ്പ്രം,കാരകുന്ന് പി ഒ | 60,000 | ബി ആർ എൻ 2215185203430135922 8/ 15.03.23 |
| 6 | കാർത്ത്യായനി കയറ്റികോട് എളങ്കൂർ<br>പി ഒ | 60,000 | ബി ആർ എൻ 2215185203430135922 8/ 15.03.23 |
| 7 | കാർത്ത്യായനി പളിയറക്കൽ<br>തൃക്കലങ്ങോട് (P O) | 60,000 | ബി ആർ എൻ 2215185203430135922 8/ 15.03.23 |
| 8 | ലക്ഷ്മി കാരക്കോടൻ നീലങ്ങോട് വീട്, ആമയൂർ പി ഒ | 60,000 | ബി ആർ എൻ 2215185203430135922 8/ 15.03.23 |

2) പ്രോജക്റ്റ് നം. 169/23,ലൈഫ് മിഷൻ ഭവനപദ്ധതി (ജനറൽ )

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | അമ്മാലു കൊണ്ടൂർ വീട് ,<br>മഞ്ഞപ്പറ്റ (പി ഒ) | 80,000 | ബിൽ നം.1/2022-23/ 08.07.22 |

ഇതിനു പുറമെ,ലൈഫ് മിഷൻ ഭവന പദ്ധതി 2021-22 പ്രകാരം 80,000രൂപ കൈപ്പറ്റിയ സീന W/o സുന്ദരൻ പ്രക്കാടൻ ആമയൂർ പി ഒ എന്ന ഗുണഭോക്താവ് പിന്നീട് തുടർ ഗഡുക്കൾ കൈപ്പറ്റുകയോ ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

സ ഉ (കൈ) നം.34/2018/ത.സ്വ ഭ വ തീയ്യതി 16.03.2018 പ്രകാരം ഭവന നിർമ്മാണത്തിനുള്ള ധനസഹായം നാലുഗഡുക്കളായാണ് വിതരണം ചെയ്യേണ്ടത്. അതിൽ പ്രകാരം കരാർ വെയ്ക്കുമ്പോൾ ആകെ തുകയുടെ 10% (4,00,000 X 10/100 = 40,000 രൂപ )മാത്രമാണ് നൽകാനാവുക. എന്നാൽ മേൽ ഒരു ഗുണഭോക്താവിനും 40,000 രൂപ അനുവദിച്ചിട്ടില്ല. ആയതിന് പകരം കൂടിയ തുകയാണ് കരാർവെയ്ക്കുമ്പോൾ അഡ്വാൻസായി അനുവദിച്ചിട്ടുള്ളത്. അധിക തുക അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36/22-23/17.10.2023)മറുപടി ലഭ്യമാക്കിയില്ല. ഭവന നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം കൈപറ്റ് തുക തിരിച്ച് പിടിക്കുവാൻ ഉള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

## 1-27 ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് നിർമ്മാണം - ഗ്രാമസഭ/ഭരണസമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പ്രോജക്റ്റ് നം.85/23

ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് നിർമ്മാണം (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 2,61,800 രൂപ

57,800 രൂപ – ധനകാര്യകമ്മീഷൻ ഗ്രാന്റ്

2,04,000 രൂപ - സ്റ്റേറ്റ് ഷെയർ

വൗച്ചർ നം.22200289/ 21.07.22 – 1,68,000 രൂപ

വൗച്ചർ നം.22200396/ 30.08.22 – 47,600 രൂപ

വൗച്ചർ നം.22200973/ 20.03.23 – 10,200 രൂപ

വൗച്ചർ നം.22200605/ 25.11.22 – 36,000 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ :വി.ഇ.ഒ

പദ്ധതി പ്രകാരം 15,400 രൂപ വീതം താഴെ പറയുന്ന ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ് നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും |
|---|---|
| 1 | വിജയലക്ഷ്മി ചെറുവാൾകരുവാൻ വീട് തച്ചുണ്ണി കാരകുന്ന് പി ഒ |
| 2 | സക്കീന പെരുമ്പള്ളി വീട് ക്രുമംകുളം |
| 3 | ഷീജ കളരിക്കൽ വീട് പുളിയാറ്റകുന്ന് കാരകുന്ന് പി ഒ |
| 4 | സത്യഭാമ അരയാൽപറമ്പിൽ വീട് തൃക്കലങ്ങോട് പി ഒ |
| 5 | ആമിന പുലത്ത് വീട് ഷാപ്പിൻകുന്ന് കാരകുന്ന് പി ഒ |
| 6 | ആയിഷാബി ഇര്യാൻപിലാക്കൽ വീട് തൃക്കലങ്ങോട് പി ഒ |
| 7 | രാധിക കുന്നംകാവിൽ വീട് ക്രുമംകുളം തൃക്കലങ്ങോട് പി ഒ |
| 8 | ശ്യമള വള്ളിക്കാടൻ തടത്തിൽകുണ്ട് കാരകുന്ന് പി ഒ |
| 9 | ആയിഷ പള്ളികുന്നത്ത് വീട്, ചാത്തകാവ് മഞ്ഞപ്പറ്റ പി ഒ |
| 10 | അജിത താഴത്ത് വീട്, തൃക്കലങ്ങോട് പി ഒ |
| 11 | ശ്രീജില പരപ്പിൽ വീട്, ചാത്തക്കാട് തിരുവാലി പി ഒ |
| 12 | ചന്ദ്രിക മണ്ണേങ്ങരകുണ്ട് തൃക്കലങ്ങോട് പി ഒ |
| 13 | പ്രീയ വട്ടപ്പറമ്പിൽ വീട് തൃക്കലങ്ങോട് പി ഒ |
| 14 | ചന്ദ്രിക വടക്കേചിറക്കൽ തിരുമണിക്കര തൃക്കലങ്ങോട് പി ഒ |
| 15 | സജ്ന നെട്ടങ്ങോട് വീട്, പേലേപ്പുറം ,എളങ്കൂർ പി ഒ |
| 16 | പ്രജിഷ കളത്തിങ്ങൽതൊടി വീട് പുളിയാറ്റകുന്ന് കാരകുന്ന് പി ഒ |
| 17 | ലൈലാബി ഇല്ലിക്കൽ വീട് കാരകുന്ന് പി ഒ |

പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ) നം.84/2022/തസ്വഭവ തീ.19.04.2022 പ്രകാരം 12.3 പ്രകാരം അർഹരായവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് മുൻഗണനാലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും ,ആയതിന് മുൻഗണനാ ക്രമം മാറ്റാതെ പഞ്ചായത്ത്ഭരണസമിതി അംഗീകാരം നൽകുകയും വേണം .എന്നാൽ ഗ്രാമസഭ മിനുട്സ് പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കളുടെ പട്ടികക്ക് ബന്ധപ്പെട്ട വാർഡുകളുടെ ഗ്രാമസഭ അംഗീകാരം നൽകുകയോ ,ശേഷം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല.ഗ്രാമപഞ്ചായത്തിൽ നിന്നും ക്രമപ്രകാരം ഗുണഭോക്തൃപട്ടിക ലഭ്യമാകുകയോ ചുമതലപ്പെടുത്തുകയോ ചെയ്യാത്ത സാഹചര്യത്തിൽ മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.37/22-23/17.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-28 വീട് മേൽക്കൂരമാറ്റി നിർമ്മിക്കൽ - രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ :വി.ഇ.ഒ

പ്രോജക്റ്റ് നം.335/23

വീട് മേൽക്കൂരമാറ്റി നിർമ്മിക്കൽ (എസ് സി ) പദ്ധതി

വിനിയോഗിച്ച തുക – 20,00,000 രൂപ

ബിൽ നം. 4/22-23/ 31.10.22 – 8,00,000

ബിൽ നം. 6/22-23/ 25.11.22 – 1,00,000

ബിൽ നം. 8/22-23/ 29.11.22 – 50,000

ബിൽ നം. 13/22-23/ 17.01.23 – 3,00,000

ബിൽ നം. 23/22-23/ 08.02.23 – 1,50,000

ബിൽ നം. 24/22-23/ 08.02.23 – 50,000

ബിൽ നം. 26/22-23/ 08.02.23 – 1,00,000

ബിൽ നം. 41/22-23/ 15.03.23 – 2,00,000

ബിൽ നം. 64/22-23/ 28.03.23 – 1,00,000

ബിൽ നം. 65/22-23/ 28.03.23 – 50,000

ബിൽ നം. 72/22-23/ 28.03.23 – 1,00,000

പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്ക് 1,00,000 രൂപ വീതം വീട് മേൽക്കൂരമാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുന്നതിന് ധനസഹായം നൽകുകയാണ് ചെയ്തിട്ടുള്ളത്.

സ.ഉ(കൈ) നം.115/2022/തസ്വഭവ തീയ്യതി 28.05.2022 സബ്സിഡി മാർഗരേഖ പ്രകാരം,100 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ ആയത് പാലിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും |
|---|---|
| 1 | നീലി പെരുണ്ട ചാത്തക്കാട് എളങ്കൂർ പി ഒ |
| 2 | ലത കോലവർകുന്ന് തൃക്കലങ്ങോട് പി ഒ |
| 3 | ലക്ഷ്മി അടികളേയത്ത് എളങ്കൂർ പി ഒ |
| 4 | മുണ്ടിച്ചി ചീരക്കുഴി വീട് തൃക്കലങ്ങോട് പി ഒ |
| 5 | വലിയപറമ്പിൽ ജാനകി കാരകുന്ന് പി ഒ |
| 6 | ഉണ്ണികൃഷ്ണൻ പെരുമുണ്ട വീട് പെഴുങ്ങാട് കോളനി |
| 7 | കാർത്ത്യായനി മണ്ണാറക്കൽ വീട് തൃക്കലങ്ങോട് പി ഒ |
| 8 | രതകുമാരി കുനിയങ്ങാട് വീട്, കുഴലൂർ എളങ്കൂർ പി ഒ |

അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം38/2022-23/17.10.23 ) മറുപടി ലഭ്യമാക്കിയില്ല. അപാകതയുടെ വെളിച്ചത്തിൽ മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച ധനസഹായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 8,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-29 ഇ ടെണ്ടർ ഫീ- തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

ഇ ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ, പഞ്ചയത്തിലേക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിനും, പ്രസ്തുത അക്കൗണ്ട് ഇ ടെണ്ടർ സൈറ്റുമായി ലിങ്ക് ചെയ്യുന്നതിനും 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിനാൽ പഞ്ചായത്തിൽ ഇ ടെണ്ടർ നടത്തുന്ന മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫി നിലവിലും (2022-23 ലും) മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. കൂടാതെ 2022-23 വർഷത്തിലേത് ഉൾപ്പടെ പഞ്ചായത്തിന് ഇ ടെണ്ടർ ചെയ്തത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിവരം സൂക്ഷിക്കുകയോ, ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തനത് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇ ടെണ്ടറിൽ ടെണ്ടർ ഫീ അസി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/16.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-30 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2022-23 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I). പ്രവൃത്തികൾ നടത്തിപ്പ്.

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 184 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 108 പ്രൊജക്ടുകളിലായി ആകെ 26864732 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 184 | ആകെ അടങ്കൽ | 56044085 |

| | | | |
|---|---|---|---|
| നടപ്പിലാക്കിയത് | 108 | ചെലവ് | 26864732 |
| ശതമാനം | 59 | ചെലവ് ശതമാനം | 48 |

II). റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് കണക്റ്റിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ പ്രസ്തുത രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

V) M Book രജിസ്റ്റർ.

M Book രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പല M Book കൾക്കും നമ്പർ നൽകിയിട്ടില്ല. M Book രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കാലികമാക്കേണ്ടതുമാണ്. കൂടാതെ ഉപയോഗിക്കുന്ന മുഴുവൻ M Book കൾക്കും നമ്പർ നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-31 തരിപ്പിൽ റോഡ് സൈഡ് കെട്ട് (138/23)- കരിങ്കൽ പടവ് പൊളിച്ച് മാറ്റുന്നതിന്അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "തരിപ്പിൽ റോഡ് സൈഡ് കെട്ട് (138/23)” എന്ന പ്രൊജക്റ്റിൽ കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലമാണ് അധിക ചെലവ് ഉണ്ടായിട്ടുള്ളത്.

പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള കരിങ്കൽ പടവ് (DR Masonry Side Wall) പൊളിച്ച് മാറ്റണമെന്നും, ആയതിന് വേണ്ടി എസ്റ്റിമേറ്റിൽ ഇനം (ഇനം 1) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും DR Wall ആണ് നിലവിലുണ്ടായിരുന്നത് എന്ന് വ്യക്തമാണ്. കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ 60.7.3 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. എന്നാൽ മേൽ പ്രവൃത്തിയിൽ കരിങ്കൽ പടവ് പൊളിച്ച് മാറ്റുന്നതിന് RR Masonry പൊളിച്ച് മാറ്റുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത് (Od1580534/2021-22). അധിക നിരക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 90000/89755 -Own Fund |
| കരാർ | 55/AE/LSGD/TGP/2021-22/01.07.2022 (Tender Variation -NIL) |
| ടി എസ് | TS No.100179/2021/03.01.2022 (CI 36.44%) |
| വൗച്ചർ | Vr. No. 18/2022-23/12.08.2022 |
| M Book | 188/2022 |
| കരാറുകാരൻ | Niyas P K |

തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|

| | | |
|---|---|---|
| (Od1580534/2021-22 @ 2164.66/ $M^3$ _Cost Index 36.44% & Tender Variation -Nil) | (Code 60.7.3 @ 619.03/ $M^3$ _Cost Index 36.44% & Tender Variation -Nil) | |
| 23865/-<br>[Ie, 11.025 $M^3$ * 2164.66/$m^3$] | 6825/-<br>[Ie, 11.025 $M^3$ * 619.03/$m^3$] | 19085/-<br>[Ie, (23865 – 6825)+ 12% GST] |

അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എൻജിനീയർ, സാങ്കേതിക അനുമതി നൽകിയ അസി. എക്സി എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/11.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-32 ഉത്താലക്കണ്ടി റോഡ് സൈഡ് കെട്ട് (138/23)- കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "ഉത്താലക്കണ്ടി റോഡ് സൈഡ് കെട്ട് (138/23)" എന്ന പ്രൊജക്ടിൽ കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലമാണ് അധിക ചെലവ് ഉണ്ടായിട്ടുള്ളത്.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള കരിങ്കൽ പടവ് (DR Masonry Side Wall) പൊളിച്ച് മാറ്റണമെന്നും, ആയതിന് വേണ്ടി എസ്റ്റിമേറ്റിൽ ഇനം (ഇനം 2) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും DR Wall ആണ് നിലവിലുണ്ടായിരുന്നത് എന്ന് വ്യക്തമാണ്. കരിങ്കൽ പടവ് (DR Wall) പൊളിച്ച് മാറ്റുന്നതിന് അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ 60.7.3 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. എന്നാൽ മേൽ പ്രവൃത്തിയിൽ കരിങ്കൽ പടവ് പൊളിച്ച് മാറ്റുന്നതിന് RR Masonry പൊളിച്ച് മാറ്റുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത് (Od 1710938/2021-22). അധിക നിരക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 50000/49945 -Own Fund |
| കരാർ | 118/AE/LSGD/TGP/2021-22/31.03.2022 (Tender Variation -NIL) |
| ടി എസ് | TS No.19730/2022/23.03.2022 (CI 36.44%) |
| വൗച്ചർ | Vr. No. 12/2022-23/13.07.2022 |
| M Book | 113/2022 |
| കരാറുകാരൻ | Niyas P K |

തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക<br>(Od1580534/2021-22 @ 2164.66/ $M^3$ _Cost Index 36.44% & Tender Variation -Nil) | നൽകാവുന്ന തുക<br>(Code 60.7.3 @ 619.03/ $M^3$ _Cost Index 36.44% & Tender Variation -Nil) | അധികം |
|---|---|---|
| 8182/-<br>[Ie, 3.78 $M^3$ * 2164.66/$m^3$] | 2340/-<br>[Ie, 3.78 $M^3$ * 619.03/$m^3$] | 6543/-<br>[Ie, (8182 – 2340)+ 12% GST] |

അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എൻജിനീയർ, സാങ്കേതിക അനുമതി നൽകിയ അസി. എക്സി എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/11.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 1-33 സർക്കാർ നിർദ്ദേശം ലാലിച്ചില്ല; കൺവീനർ പ്രവൃത്തികളിൽ അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് അനുവദിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തികളിൽ ഗുണഭോക്തൃസമിതി കൺവീനർക്ക് അധികം തുക നൽകിയിട്ടുണ്ട്. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% തുക നികുതികൾക്കായി വകയിരുത്തുന്നുണ്ട് .

27.2.2016ലെ GO(P) 30/2016/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ച്

ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയതിൽ നിന്ന് 5% തുക കുറവ് ചെയ്താണ് കൺവീനർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. 5% തുക കുറവ് ചെയ്യാതെ ബില്ല് തയ്യാറാക്കിയതുമൂലമാണ് കൺവീനർക്ക് അധിക തുക നൽകാനിടയായത്.

1.7.2017-മുതൽ GST നിലവിൽ വന്നതിനാൽ ഇപ്പോൾ വാറ്റ് അടവാക്കേണ്ടതില്ലെന്നും, (GST അടവാക്കുന്നതിനുള്ള തുക പ്രത്യേകം അനുവദിക്കുന്നുണ്ട്) വാറ്റ് അടവാക്കാനായി വകയിരുത്തിയ 5% തുക കുറവ് ചെയ്ത് കൺവീനർമാർക്ക് തുക നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയർ 16.3.2018ലെ കത്തിൽ വ്യക്തമാക്കിയതാണ്. ഈ കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട്: മഞ്ഞപ്പറ്റ HIM സ്കൂൾ ടോയിലറ്റ് നിർമ്മാണം (140/23)

| | |
|---|---|
| അടങ്കൽ/ ചെലവ് | 1250000/ 1204937 (CFC Tied Grant) |
| ടി എസ് | TS/103481/2021/03.03.2022 |
| കരാർ | AE/LSGD/TGP/70/2021-22/07.01.2022 |
| കൺവീനർ | Aliyappu P |
| മൂല്യ നിർണ്ണയം/ വൗച്ചർ നമ്പർ | 1204937/-, 38/21.06.2022 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 1204937/- |
| നൽകാവുന്ന തുക [5 % കുറവ് ചെയ്ത്] | 1148893/- |
| അധികം | 56044/- [ie 1204937*5/107.5] |

2. പ്രൊജക്ട്: ചെറുവണ്ണൂർ സ്കൂൾ ടോയിലറ്റ് നിർമ്മാണം (145/23)

| | |
|---|---|
| അടങ്കൽ/ ചെലവ് | 498000/ 497482 (CFC Tied Grant) |
| ടി എസ് | TS/102544/2021/03.03.2022 |
| കരാർ | AE/LSGD/TGP/69/2021-22/07.01.2022 |
| കൺവീനർ | Ajitha M |
| മൂല്യ നിർണ്ണയം/ വൗച്ചർ നമ്പർ | 497482/-, 60/06.07.2022 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 497482/- |
| നൽകാവുന്ന തുക [5 % കുറവ് ചെയ്ത്] | 474343/- |
| അധികം | 23139/- [ie 497482*5/107.5] |

3. പ്രൊജക്ട്: തിരിക്കുളം ബധൽ സ്കൂൾ ടോയിലറ്റ് നിർമ്മാണം (144/23)

| | |
|---|---|
| അടങ്കൽ/ ചെലവ് | 600000/ 477009 (CFC Tied Grant) |

| | |
|---|---|
| ടി എസ് | TS/696/2021/03.03.2022 |
| കരാർ | AE/LSGD/TGP/73/2021-22/10.01.2022 |
| കൺവീനർ | Sajith T |
| മൂല്യ നിർണ്ണയം/ വൗച്ചര് നമ്പർ | 477009/-, 123/01.09.2022 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 477009/- |
| നൽകാവുന്ന തുക [5 % കുറവ് ചെയ്ത്] | 454823/- |
| അധികം | 22186/- [ie 477009*5/107.5] |

4. പ്രൊജക്ട്: കാരയിൽ സ്കൂൾ ടോയിലറ്റ് നിർമ്മാണം (151/23)

| | |
|---|---|
| അടങ്കൽ/ ചെലവ് | 600000/ 596964 (CFC Tied Grant) |
| ടി എസ് | TS/101041/2021 |
| കരാർ | AE/LSGD/TGP/68/2021-22/29.12.2021 |
| കൺവീനർ | Mumthas K T |
| മൂല്യ നിർണ്ണയം/ വൗച്ചര് നമ്പർ | 596964/-, 54/04.07.2022 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 596964/- |
| നൽകാവുന്ന തുക [5 % കുറവ് ചെയ്ത്] | 569198/- |
| അധികം | 27766/- [ie 596964*5/107.5] |

5. പ്രൊജക്ട്: ആമയൂർ സ്കൂൾ ടോയിലറ്റ് നിർമ്മാണം (143/23)

| | |
|---|---|
| അടങ്കൽ/ ചെലവ് | 600000/ 330985 (CFC Tied Grant) |
| ടി എസ് | TS/106008/2021 |
| കരാർ | AE/LSGD/TGP/66/2021-22/29.12.2021 |
| കൺവീനർ | DEVARAJ P |
| മൂല്യ നിർണ്ണയം/ വൗച്ചര് നമ്പർ | 330985/-, 18/27.05.2022 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 330985/- |
| നൽകാവുന്ന തുക [5 % കുറവ് ചെയ്ത്] | 315590/- |
| അധികം | 15395/- [ie 330985*5/107.5] |

6. പ്രൊജക്ട്: കാരക്കുന്ന് സ്കൂൾ ടോയിലറ്റ് നിർമ്മാണം (141/23)

| | |
|---|---|
| അടങ്കൽ/ ചെലവ് | 1000000/ 952072 (CFC Tied Grant) |
| ടി എസ് | TS/102968/2021 |

| | |
|---|---|
| കരാർ | AE/LSGD/TGP/67/2021-22/29.12.2021 |
| കൺവീനർ | VALSALA KUMARI |
| മൂല്യ നിർണ്ണയം/ വൗച്ചര് നമ്പർ | 952072/-, 19/27.05.2022 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 952072/- |
| നൽകാവുന്ന തുക [5 % കുറവ് ചെയ്ത്] | 907790/- |
| അധികം | 44282/- [ie 952072*5/107.5] |

7. പ്രൊജക്ട്: കുട്ടശ്ശേരി എൽ പി സ്കൂൾ ടോയിലറ്റ് നിർമ്മാണം (146/23)

| | |
|---|---|
| അടങ്കൽ/ ചെലവ് | 600000/ 598827 (CFC Tied Grant) |
| ടി എസ് | TS/102718/2021 |
| കരാർ | AE/LSGD/TGP/66/2021-22/29.12.2021 |
| കൺവീനർ | John Varghese |
| മൂല്യ നിർണ്ണയം/ വൗച്ചര് നമ്പർ | 598827/-, 17/27.05.2022 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 598827/- |
| നൽകാവുന്ന തുക [5 % കുറവ് ചെയ്ത്] | 570975/- |
| അധികം | 27852/- [ie 598827*5/107.5] |

അധികം തുക നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (20,21,22,23,24,25,26/12.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.]

## 1-34 സർക്കാർ അനുമതിക്ക് വിരുദ്ധമായി ടെണ്ടർ കൂടാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തി

ഗ്രാമപഞ്ചായത്തിൽ സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ടെണ്ടർ ക്ഷണിക്കാതെ SIDCO യിൽനിന്ന് നേരിട്ട് വാങ്ങലുകൾ നടത്തിയിട്ടുണ്ട്. സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി ഒ (ആർ ടി) 26/2015/SPD തീയതി 28.05.2015, സ ഉ (സാധാ) 97/2022/SPD തീയതി 23.12.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന SIDCO ഉല്പാദിപ്പിക്കുന്ന സാധനങ്ങളും അതിന് നൽകാവുന്ന വില വിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർപർചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക 3 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പദ്ധതികളിൽ SIDCO യിൽ

വാങ്ങിയ സാധനങ്ങൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവുകൾ പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയല്ല. വിശദാംശങ്ങൾ ഉപ ഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

## 1-34-1 മുതിർന്ന പൗരൻമാർക്ക് കട്ടിൽ വാങ്ങൽ - ടെണ്ടർ കൂടാതെ SIDCOയിൽ നിന്ന് നേരിട്ട് വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 345/23, മുതിർന്ന പൗരൻമാർക്ക് കട്ടിൽ (ജനറൽ) |
| ചെലവ് തുക | 800400 (വികസനഫണ്ട് ജനറൽ) |
| ബിൽ നം. | 22151852034500691726/26.10.22, 365400<br>22151852034500691735/26.10.22, 435000 |
| ഇൻവോയിസ് നം. തുക | MJRI/22-23/68/14.10.22, 435000/- (100എണ്ണം)<br>MJRI/22-23/69/14.10.22, 365400/- (84 എണ്ണം) |
| നിർവ്വഹണം | ICDSസൂപ്പർവൈസർ |

SIDCO നിന്നും നേരിട്ട് വാങ്ങാവുന്ന സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത വാങ്ങലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | GSTഉൾപ്പെടെയുള്ള നിരക്ക് | ആകെ തുക |
|---|---|---|---|
| Wooden Cot (Mahagani)<br>198x90x60/50cms, 8mm Plywood Top | 184 | 4350 | 800400 |

സർക്കാർ ഉത്തരവുകൾ പാലിക്കാതെ സ്റ്റോർ പർച്ചേസ് ചട്ടത്തിന് വിരുദ്ധമായ വാങ്ങലിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39/22-23/17.10.23), സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് സിഡ്കോയെ നോഡൽ ഏജൻസിയായി നിശ്ചയിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഇത്തരത്തിൽ വാങ്ങാവുന്ന സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവ വാങ്ങിയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ സ്റ്റോർ പർച്ചേസ് ചട്ടം ലംഘിച്ച് വാങ്ങലിന് ചെലവഴിച്ച 800400രൂപ തടസ്സം ചെയ്യുന്നു.

## 1-34-2 എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ - ടെണ്ടർ കൂടാതെ SIDCOയിൽ നിന്ന് നേരിട്ട് വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 367/23, എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| ചെലവ് തുക | 480199 (വികസനഫണ്ട് SCP) |
| ബിൽ നം. | 22151852031801039061/12.01.23, 391999<br>22151852031801512417/28.03.23, 88200 |
| ഇൻവോയിസ് നം. | MJRI/22-23/146/06.01.23<br>MJRI/22-23/318/20.03.23 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

SIDCO നിന്നും നേരിട്ട് വാങ്ങാവുന്ന സാധനങ്ങളിൽ ഉൾപ്പെടാത്ത വാങ്ങലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് നികുതി ഉൾപ്പെടെ | ആകെ തുക |
|---|---|---|---|
| Study Table<br>Made By Pre-laminated Board, With A Shutter Using As Writing Pad Size 120x70x30cm | 98 | 3900 | 382200 |
| Steel Armless Chair With Rubwood/cushion Seat | 98 | 1000 | 98000 |
| ആകെ തുക | | | 480200 |

സർക്കാർ ഉത്തരവുകൾ പാലിക്കാതെ സ്റ്റോർ പർച്ചേസ് ചട്ടത്തിന് വിരുദ്ധമായ വാങ്ങലിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/22-23/13.10.23), സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് സിഡ്കോയെ നോഡൽ ഏജൻസിയായി നിശ്ചയിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയതെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഇത്തരത്തിൽ വാങ്ങാവുന്ന സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവ ടെണ്ടർ കൂടാതെ വാങ്ങിയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ സ്റ്റോർ പർച്ചേസ് ചട്ടം ലംഘിച്ച് വാങ്ങലിന് ചെലവഴിച്ച 480200രൂപ തടസ്സം ചെയ്യുന്നു.

## 1-35 SC കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 369/23, SC കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് |
| അടങ്കൽ | 267200 (202147 -SCP + 2428 -തനത്ഫണ്ട് + 62625 -ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 253840 (191215 + 62625) |
| ബിൽ /വൗച്ചർ നം. തുക | 2215182031801545278/28.03.23, 30895<br>2215182031801513181/28.03.23, 160320<br>22201049/30.03.23, 53440<br>22201057/30.03.23, 9185 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

75% സബ്സിഡിയിലും 25% ഗുണഭോക്തൃ വിഹിതവും ഈടാക്കി എസ് സി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം ചെയ്യുന്ന മേൽ പദ്ധതി പ്രകാരം ടെണ്ടർ നടപടികളിലൂടെ ASIM Designig& Interiors, ഒളവണ്ണ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 3340/-രൂപ നിരക്കിൽ താഴെ പറയുന്ന ഇൻവോയിസ് പ്രകാരം വാട്ടർ ടാങ്ക് (500Lr, 15Kg, Blue Colour) വാങ്ങിയിട്ടുണ്ട്.

| ഇൻവോയിസ് നം. | ടാങ്കുകളുടെ എണ്ണം | തുക |
|---|---|---|
| 459/22.03.23 | 64 | 213760 |
| 485/29.03.23 | 12 | 40080 |
| ആകെ | 76 | 253840 |

പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) 80 ഗുണഭോക്താക്കൾ 835/-രൂപ വീതം ആകെ 66800/-രൂപ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 62625രൂപ മാത്രമാണ് ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടുള്ളത്. 4175രൂപ ചെലവഴിച്ചിട്ടില്ല. മാത്രമല്ല, 76 എണ്ണത്തിന് ആനുപാതികമായി 63460രൂപയാണ് ഗുണഭോക്തൃവിഹിതം ചെലവഴിക്കാനുള്ളത്. എന്നാൽ 75 എണ്ണത്തിനുള്ള വിഹിതം മാത്രമാണ് ചെലവഴിച്ചത്. കണക്ക് കൂട്ടലിൽ വന്ന പിശകാണ് അപാകത വന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.16/22-23/12.10.23) മറുപടി ലഭ്യമാക്കിയത്.

2) ഗുണഭോക്തൃവിഹിതം അടവാക്കിയതും ടാങ്ക് വിതരണരം ചെയ്യിട്ടില്ലാത്തതുമായ4 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം 3340രൂപ (4X835) തിരികെ നൽകിയിട്ടില്ല. ആയത് തിരികെ നൽകി വിവരം അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-36 അഗതിരഹിത കേരളം പദ്ധതി - അക്കൗണ്ടിൽ വലിയ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ, പേര് | 348/23, അഗതിരഹിത കേരളം ജനറൽ | 348/23, അഗതിരഹിത കേരളം എസ്.സി |
| ചെലവ് തുക | 500000 (വികസനഫണ്ട് ജനറൽ) | 500000 (വികസനഫണ്ട് ജനറൽ) |
| ബിൽ നം. | 22151852031800935560/20.12.22 | 22151852031800935563/20.12.22 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം അഗതിരഹത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൽക്ക് വീട് റിപ്പയർ മറ്റ് ആവശ്യമായ സഹായങ്ങൾ എന്നിവ നൽകുന്നതിന് 1000000രൂപ കുടുംബശ്രീ CDS അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് വീട് റിപ്പയർ ഇനത്തിൽ 40000/- മാത്രമാണ് ഇതിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്.

അഗതിരഹിതകേരളം പദ്ധതിയിൽ നിലവിൽ 77 ഗുണഭോക്താക്കളാണുള്ളത്. 2023 ഏപ്രിൽ വരെയാണ് ഭക്ഷണ വിതരണം നടന്നിട്ടുള്ളത്. ഭക്ഷണക്കിറ്റ് വിതരണം നിലവിൽ നടക്കുന്നില്ല. തൻവർഷം നൽകിയ പ്ലാൻഫണ്ട് തുക ഉൾപ്പെടെ CDSന്റെ അഗതിരഹിതകേരളം പദ്ധതി അക്കൗണ്ടിൽ 30.09.2023ന് 1819769/-രൂപ നീക്കിയിരിപ്പുണ്ട്. (30.03.23ലെ നാക്കിയിരിപ്പ് - 1842381രൂപ) ഇത് പ്ലാൻഫണ്ടും പലിശയും ഉൾപ്പെട്ട തുകയാണ്. ഏറ്റവും പ്രയാസം അനുഭവപ്പെടുന്ന അഗതി കുടുംബങ്ങളുടെ ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം, വസ്ത്രം, വീട് തുടങ്ങിയ ആവശ്യങ്ങൾക്ക് നീക്കിവെച്ച തുക ചെലഴിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.16/22-23/12.10.23) അഗതിരഹതകേരളം അക്കൗണ്ടിലെ തുക ഗുണഭോക്താക്കൾ ആവശ്യമായ സേവനങ്ങൾക്ക് വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-37 അങ്കണവാടികൾ സ്മാർട്ട് ആക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത മൂലം 2,10,062/- രൂപയുടെ അധിക ചെലവ്

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന ബഹു വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടികളിലേക്ക് കളി ഉപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ വാങ്ങുകയും, അങ്കണവാടികൾ പെയിന്റ് ചെയ്ത് ചുമർ ചിത്രങ്ങൾ വരക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടത്തി ആർട്ട്ക്കോ മുഖേനയാണ് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ അപാകത മൂലം 2,10,062/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നംമ്പർ, പേര് | 376/23, അങ്കണവാടികൾ സ്മാർട്ട് ആക്കൽ |
| അടങ്കൽ | 1400000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| എഗ്രീമെന്റ് തീയതി | 14.03.2023 |
| ചെലവ് തുക | 1330473 |
| ബിൽ നം., തുക | 22151852034501457494/24.03.23, 947097<br>22151852034501457500/24.03.23, 383376 |

അപാകതകൾ.

1) ടെണ്ടർ വ്യവസ്ഥക്ക് വിരുദ്ധമായി 1,80,262/- രൂപ അധികം നൽകി.

04.02.2023-ലെ ICDS03/2023 നമ്പർ ടെണ്ടർ നോട്ടീസിലെ നിബന്ധന 1 പ്രകാരം GST ഉൾപ്പടെയുള്ള നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത്. ആയതിൻ പ്രകാരം ആർട്ട്ക്കോ ക്വാട്ട് ചെയ്ത നിരക്ക് 14.02.23ലെ ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ആർട്ട്ക്കോ ക്വാട്ട് ചെയ്ത തുകക്ക് പുറമേ GST കൂടി കൂട്ടി നൽകി ബിൽ തയ്യാറാക്കിയത് മൂലമാണ് അധിക ചെലവ് ഉണ്ടായിട്ടുള്ളത്. ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമായി GST നൽകിയത് ക്രമ പ്രകാരമല്ല. അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാങ്ങിയ സാധനങ്ങൾ/ ഉപകരണങ്ങൾ/പെയിന്റിംഗ് | എണ്ണം | ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്ക് (₹) | നൽകാവുന്ന തുക (₹) | നൽകിയ തുക (₹) | അധികം (₹) |
|---|---|---|---|---|---|---|
| A) ഇൻവോയിസ് നം. MPM344/18.03.23, 330363/- | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | PDKD02-ARO214<br>Indoor Soft Play Rugs | 730 | 295 | 215350<br>(295x730) | 254113<br>(+GST 18%) | 38763 |
| 2 | PDKD09-ARO179<br>Eva Puzzle Play Mats – A To Z &1 To 10 | 10 | 399 | 3990<br>(10x399) | 4468.80<br>(+GST 12%) | 478.8 |
| 3 | PDKD12-ARO10278<br>Outdoor Play Area Setting Slide | 1 | 15500 | 15500 | 17360<br>(+GST 12%) | 1860 |
| 4 | PDKD16 – KDSSping<br>Outdoor Spring Tiger | 1 | 15990 | 15990 | 17908.80<br>(+GST 12%) | 1918.8 |
| 5 | SAP021- Big Block- Multi Colour | 13 | 1190 | 15470<br>(13x1190) | 17326.40<br>(+GST 12%) | 1856.4 |
| 6 | SAP022- Ring Game Elephant-Multi Colour | 8 | 990 | 7920<br>(8x990) | 8870.40<br>(+GST 12%) | 950.4 |
| 7 | SAP24- Multi Colour Slide | 1 | 4490 | 4490 | 5028.80<br>(+GST 12%) | 538.8 |
| 8 | SAW07- Eva Puzzle Play Mats – Malayalam | 8 | 590 | 4720<br>(8x590) | 5286.40<br>(+GST 12%) | 566.4 |
| B) ഇൻവോയിസ് നം. MPM345/18.03.23, 616734/- | | | | | | |
| 9 | PDKD03-ARO3508– Storage Stand Child Friendly | 5 | 5800 | 29000<br>(5x5800) | 34220<br>(+GST 18%) | 5220 |
| 10 | SAP012-Multipurpose Teaching & Art Board | 12 | 2990 | 35880<br>(12x2990) | 40185.60<br>(+GST 12%) | 4305.6 |
| 11 | SAW15- Indoor Toybin | 12 | 1800 | 21600<br>(12x1800) | 25488<br>(+GST 18%) | 3888 |
| 12 | TGGP8-Baby Friendly Desk | 60 | 3950 | 237000<br>(60x3950) | 279660<br>(+GST 18%) | 42660 |
| 13 | YT963-Baby Friendly Bench | 60 | 3350 | 201000<br>(60x3350) | 237180<br>(+GST 18%) | 36180 |
| C) ഇൻവോയിസ് നം. MPM346/18.03.23, 383376/- | | | | | | |
| 14 | APG5-Outside Painting (Sky Blue Colour) & Outside Front Wall Art | 1 | 14500 | 14500 | 16240<br>(+GST 12%) | 1740 |
| 15 | SAP018-Painting (Sky Blue Colour) Classroom Four Wall Art & Outside Front Wall Art | 11 | 29800 | 327800<br>(11x29800) | 367136<br>(+Gst 12%) | 39336 |
| ആകെ | | | | 11,50,210 | 13,30,472.2 | 1,80,262.2 |

മേൽ പ്രകാരം ബിൽ തുക നൽകിയപ്പോൾ ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത തുകയെക്കാൾ അധികം തുക ARTCOക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/22-23/17.10.23) ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത സാധനങ്ങളുടെ തുകക്ക് പുറമേ ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയ ബിൽ ആണ് പെമെന്റ് നടത്തിയിട്ടുള്ളതെന്നും, ബഹുവർഷ പദ്ധതിയായ സ്മാർട്ട് അംഗൻവാടി പദ്ധതി 2024 മാർച്ച് മാസത്തോടുകൂടിയാണ് പൂർത്തീകരിക്കുകയുള്ളൂ എന്നും അധികം നൽകിയ തുക ഈ സാമ്പത്തിക വർഷത്തിൽ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

2) ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി - 29800/- രൂപ അധികം നൽകി.

ബിൽ നം.22151852034501457500/24.03.23 (ഇൻവോയിസ് നം. MPM346/18.03.23) പ്രകാരം 11 അങ്കണവാടികൾ പൂർണ്ണമായും (അകവും പുറവും), ഒരു അങ്കണവാടി ഭാഗികമായും (പുറം മാത്രം) പെയ്ന്റ് ചെയ്ത് ചുമർ ചിത്രങ്ങൾ വരച്ചതിനുള്ള തുക 383376രൂപ നൽകിയിട്ടുണ്ട്. എന്നാൽ 10 അങ്കണവാടികൾ പൂർണ്ണമായും (അകവും പുറവും), ഒരു

അങ്കണവാടി ഭാഗികമായും (പുറം മാത്രം) പെയിന്റ് ചെയ്ത് ചുമർ ചിത്രങ്ങൾ വരച്ചതായിട്ടാണ് അസി. എൻജിനീയർ മൂല്യ നിർണ്ണയം ചെയ്തിട്ടുള്ളത്. വർക്ക് ഓർഡർ നൽകിയ 12 അംഗൻവാടികളിൽ സെന്റർ നം.34 മഞ്ഞപ്പറ്റ അംഗൻവാടിയിൽ പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക * | അധികം |
|---|---|---|---|---|
| 1 | പുറം ഭാഗം മാത്രം പെയ്ന്റ് ചെയ്യുകയും ചിത്രം വരയും | 14500 | 14500 | 0 |
| 2 | അകവും പുറവും പെയ്ന്റ് ചെയ്യുകയും ചിത്രം വരയും | 327800 (29800x11) | 298000 (29800x10) | 29800 |

* 12% GST അധികം നൽകിയിട്ടുണ്ട്. ആയത് അപാകത 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും പെയിന്റ് ചെയ്യുന്ന പ്രവത്തി 10 അംഗൻവാടികളിൽ പൂർത്തീകരിക്കുകയും എന്നാൽ 11 അംഗൻവാടികൾക്കുള്ള തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/22-23/17.10.23) കെട്ടിടത്തിന്റെ വയറിംഗ് പ്രവൃത്തിയും പ്ലാസ്റ്ററിംഗും ചെയ്യാത്തതിനാലാണ് മഞ്ഞപ്പറ്റ അംഗൻവാടി പെയിന്റിംഗ് ചെയ്യാതിരുന്നതെന്നും ഒക്ടോബർ 2024ഓട് കൂടി പൂർത്തീകരിക്കുമെന്നമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാതെ ബിൽ തുക നൽകിയത് അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക ഈടാക്കി അടവാക്കേണ്ടതാണ്.

ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്കിൽ അധികം നൽകിയ 1,80,262/- രൂപയും, ചെയ്യാത്ത പ്രവൃത്തിക്ക് അധികം നൽകിയ 29800/- രൂപയും ആകെ 2,10,062/- രൂപ പദ്ധതി നിർവ്വഹണം നടത്തി ബിൽ തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

## 1-38 എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയലുകൾ സപ്ലൈ ചെയ്തതിനു പണം നൽകിയപ്പോൾ ജി.എസ്.ടി കുറവ് ചെയ്തില്ല.

താഴെ പറയുന്ന എൻആർഇജിഎസ് പ്രവൃത്തികൾക്ക് നിർമ്മാണ സാമഗ്രികൾ നൽകിയ പണം നൽകിയപ്പോൾ നിയമപ്രകാരം ഈടാക്കേണ്ട ജി.എസ്.ടി വിഹിതം ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ, കരാർ | അളവ് പുസ്തകം, ആകെ മൂല്യം, | മെറ്റീരിയൽസ് വില - | FTO നമ്പർ |
|---|---|---|---|---|
| 1 | നേർച്ചകുന്ന് റോഡ് കോൺക്രീറ്റ് - 4,05,000<br>കരാറുകാരൻ- റഷീദ് കെ കളത്തിങ്ങൽ വീട്, കാരകുന്ന് പി ഒ | 207/20-21<br>3,82,533 | 3,26,179 | Q121EAPAYREQ 25032023161836/31.03.23 |
| 2. | ഉള്ളാട്ടുമുക്ക് കരിങ്ങാട്ടുകുണ്ട് ഫുട്ട്പാത്ത് കോൺക്രീറ്റ്<br>കരാറുകാരൻ- ഷിബിൻ പി പന്നിക്കോടൻ വീട്, കണ്ടാലപ്പറ്റ കാരകുന്ന് പി ഒ | 107/20-21<br>3,86,215 | 3,26,308 | 180720221666/27.08.22 |
| 3. | ചെറുവെട്ടി വള്ളിക്കാട്ടുപൊയിൽ റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- മുഹമ്മദ് പി പുത്തൻകര വീട്, കാരകുന്ന് പി ഒ | 162/20-21<br>3,85,633 | 3,26,023 | 02092022166/03.09.22 |
| 4. | കാരക്കുന്ന് മുതീരിക്കുന്ന് റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- മുഹമ്മദ് ബിസ്മി എൻ പി നെല്ലിപ്പറമ്പൻ വീട്, തൃക്കലങ്ങോട് പി ഒ | 163/20-21<br>3,89,198 | 3,26,332 | 1302202316117/17.03.23 |
| 5 | നീലങ്ങോട് കുറുക്കേമൂച്ചി റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- മുഹമ്മദ് പി പുത്തൻകര വീട്, കാരകുന്ന് പി ഒ | 143/20-21<br>3,87,448 | 3,26,490 | 2008202216131/27.08.22 |
| 6 | പാതിരിക്കോട് നാലുസെന്റ് കോളനി അമ്പലം റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ- മുഹമ്മദ് പി പുത്തൻകര വീട്, | 125/20-21<br>3,90,358 | 3,26,308 | 22032023165/24.03.23 |

| | | | | |
|---|---|---|---|---|
| | കാരകുന്ന് പി ഒ | | | |
| 8 | കുഴല്ലൂർ പാലംതൊടി ഫൂട്ട്പാത്ത് കോൺക്രീറ്റ് കരാറുകാരൻ- അബൂബക്കർ പി പുലത്ത് വീട്, ആനക്കോട്ടുപുറം തൃക്കലങ്ങോട് പി ഒ | 206/20-12 3,88,879 | 3,26,308 | 2092022168/03.09.22 |
| 9 | വല്ലാട്ടുകുന്ന് പരപ്പിൽ റോഡ് കോൺക്രീറ്റ് കരാറുകാരൻ- മുഹമ്മദ് ബിസ്മി എൻ പി നെല്ലിപ്പറമ്പൻ വീട്, തൃക്കലങ്ങോട് പി ഒ | 197/21-22 3,85,073 | 3,26,647 | 1302202316189/24.03.23 |

GST ബാധകമായ പ്രവൃത്തികളിലും ഇടപാടുകളിലും ഒരു കോൺട്രാക്റ്റ് പ്രകാരമുള്ള ഇടപാട് മൂല്യം GST കൂടാതെ 2.5 ലക്ഷം രൂപക്ക് മുകളിലായാൽ ആകെ തുകയുടെ 2 % GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ഈടാക്കേണ്ടതാണ്. അത് പ്രകാരം മേൽപ്രവൃത്തികളുടെ നിർമ്മാണ സാമഗ്രികളുടെ തുകയിൽനിന്ന് 2 % GST ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്(അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 42/22-23/17.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല.)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റിവെയ്ക്കൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

മാർഗ്ഗ രേഖ ഉത്തരവ് ((പി) നം:67/2021/ധനം/തീ:28.4.2021) യിൽ വ്യക്തമാക്കിയിട്ടുണ്ട്.ആയത് പ്രകാരം പി.എം.സി ആയിട്ടുള്ളതോ നോൺ പി.എം.സി ആയിട്ടുള്ളതോ ആയ അക്രഡിറ്റഡ് ഏജൻസികളെ പ്രവർത്തികൾ സെന്റേജ് ചാർജ്ജ് നൽകികൊണ്ട് (1 കോടി രൂപ വരെ എസ്റ്റിമേറ്റ് ഉള്ള പ്രവർത്തികൾക്ക് 8% വരെ)ഏൽപ്പിക്കാവുന്നതാണ്.പരിഷ്കരിച്ച അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക സംബന്ധിച്ച ഉത്തരവ് ((പി) നം:104/2022/ധനം/തീ:2.09.2022)പ്രകാരമുള്ളതാണ് പ്രാബല്യത്തിലുള്ളത് .കൂടാതെ സ്വന്തമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ കാലാ കാലങ്ങളിൽ സർക്കാർ നിശ്ചയിച്ച അംഗീകരിച്ച പ്രൈസ്റ്റ് ലിസ്റ്റ് നിരക്ക് അടിസ്ഥാനത്തിൽ ടെൻണ്ടർ കൂടാതെ വാങ്ങിക്കാവുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്നത് സംബന്ധിച്ച് പുതുക്കിയതാഴെപ്പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണം"അക്രഡിറ്റഡ് ഏജൻസി മുഖേന"എന്നാണ് പ്രൊജക്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് .ഫയൽ പരിശോധനയിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ടെൻണ്ടർ നടപടികൾ സ്വീകരിക്കാതെ "റെയ്ഡ്കോ ,മലപ്പുറം"എന്ന ഏജൻസിയെ ഏൽപ്പിക്കുകയാണ് ചെയ്തതിട്ടുള്ളത് .ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് 7.2.2023 ലെ 18/1 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.ആയത് പ്രകാരം ഏജൻസിക്ക് നിർവ്വഹണോദ്യോഗസ്ഥൻ വർക്ക് ഓർഡർ നൽകി .പ്രവർത്തി പൂർത്തീകരിച്ച് റെയ്ഡ്കോ സമർപ്പിച്ച ബിൽ ഇൻവോയ്സ് പ്രകാരം തുക നൽകുകയും ചെയ്തു .വിശദ വിവരം ചുവടെ ചേർക്കുന്നു

**1.**

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 95/23 -കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ | അടങ്കൽ/ഫണ്ടിനം | 773500 |
| ചെലവ് | 771669/- | ബിൽ നം: /തീ: | 182/9.11.22 |
| കോൺട്രാക്ട് | അക്രഡിറ്റഡ് ഏജൻസി മുഖേന(റെയ്ഡ്കോ,മലപ്പുറം) | എഗ്രിമെന്റ് | ഉണ്ട് |

**2.**

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 41/23 -കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ<br>472/23--കുടിവെള്ള പദ്ധതി മോട്ടോർ മാറ്റൽ | അടങ്കൽ/ഫണ്ടിനം | 332400(cfc)<br>425000(cfc) |
| ചെലവ് | 331947/-<br>425000/- | ബിൽ നം: /തീ: | 495/20.3.23<br>585/28.3.23 |
| കോൺട്രാക്ട് | അക്രഡിറ്റഡ് ഏജൻസി മുഖേന(റെയ്ഡ്കോ,മലപ്പുറം) | എഗ്രിമെന്റ് | ഉണ്ട് |

മേൽ പ്രൊജക്ടുകൾ പ്രകാരം പഞ്ചായത്തിലെ കുടിവെള്ള പദ്ധതി കളുടെ കേടുവന്ന മോട്ടോർ മാറ്റി വെക്കുന്നതിനുള്ള വയാണ് .എന്നാൽ മേൽ കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പ് പരിപാലന കമ്മറ്റികളെ രേഖാമൂലം ഏൽപ്പിച്ച രേഖകളോ ,റിപ്പയർ ആവശ്യമാണെന്ന് കാണിച്ചുള്ള കമ്മറ്റികളുടെ അപേക്ഷയോ ,ക്ഷമതയുള്ള ഉദ്ധ്യോഗസ്ഥൻറ പരിശോധ റിപ്പോർട്ട് , എസ്റ്റിമേറ്റ്,ശുപാർശ എന്നിവയോ ഫയലിൽ ഇല്ല. ബിൽ തുക റെയ്ഡ്കോയ്ക്ക് നൽകിയതിന്റ ബിൽ ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു

1.പ്രൊജക്ട് നം 95/23

| ഇൻവോയ്സ് നം | മോട്ടോർ (HP) | അനുവദിച്ച തുക |
|---|---|---|
| 1.NLR/280/21-22/23.3.22 | 5HP Open Well | 123369 (108099+16270 GST) |
| 2.NLR/288/21-22/24.3.22 | 3HP Open Well | 98219 (85384+12835 GST) |
| 3.NLR/285/21-22/23.3.22 | 5HP Open Well | 107939 (93812+14127 GST) |
| 4.NLR/284/21-22/23.3.22 | 1.5HP Open Well | 55469 (48234+7235GST) |
| 5.NLR/283/21-22/23.3.22 | 3HP Open Well | 99420(86406+13013 GST) |
| 6NLR/282/21-22/23.3.22 | 7.5HP Open Well | 144880 (125663+19217 GST) |
| 7.NLR/281/21-22/23.3.22 | 5HP Bore Well | 121348 (104994+16354 GST) |

2.പ്രൊജക്ട് നം 41/23,472/23

| ഇൻവോയ്സ് നം | മോട്ടോർ HP | അനുവദിച്ച തുക |
|---|---|---|
| 1.NLR/562/22-23/27.3.23 | 6HP Open Well | 197522(167645+29876GST) |
| 2.NLR/563/22-23/27.3.23 | 5HP Open Well | 134425(114092+20422 GST) |
| 3.NLR/564/22-23/27.3.23 | 5HP Open Well | 94285 (79954+14331 GST) |
| 4.NLR/565/22-23/27.3.23 | 1.5HP Open Well | 56407 (47853 +8553 GST) |
| 5.NLR/566/22-23/27.3.23 | 5HP Open Well | 142949(121144+21805GST) |
| 6NLR/514/22-23/14.3.23 | 1HP Bore Well | 70931 (60200 +10731 GST) |
| 7.NLR/515/22-23/14.3.23 | 1.5 Open Well | 57075 (48419 +8656GST) |
| | ആകെ | 1528616(1291899+236717 GST) |

അപാകതകൾ

1.അക്രഡിറ്റഡ് ഏജൻസികളുടെ മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഉത്തരവിൽ (GO(P)67/2021/FIN/28.4.2021 ൽ സിവിൽ/ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള നിരക്കുകളാണ് ബാധകമാക്കിയിട്ടുള്ളത് .

അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം പുതുക്കിയത് സംബന്ധിച്ച സർക്കാർ ഉത്തരവ് പി(നം:104/2022 /ധനം/2.9.2022 പ്രകാരം "റെയ്ഡ്കോ"യെ അക്രഡിറ്റഡ് ഏജൻസിയായി തെരെഞ്ഞെടുത്തിട്ടില്ല."റെയ്ഡ്കോ"യെ അക്രഡിറ്റഡ് ഏജൻസിയായി തെരെഞ്ഞെടുത്തിട്ടുള്ള മറ്റ് ഉത്തരവുകൾ ലഭ്യമാക്കിയിട്ടില്ല.അക്രഡിറ്റഡ് ഏജൻസി ആണെങ്കിൽ താഴെപ്പറയുന്ന നിർദ്ധേശങ്ങൾ പാലിക്കണം

1.CPWD/MoRTH/MORD സ്പസിഫിക്കേഷനുകളും,ഡാറ്റായും അതാത് സംഗതി പോലെ ബാധകമായ കോസ്റ്റ് ഇൻഡക്സോടുകൂടി നിലവിലെ DSR ഉം അടിസ്ഥാനമാക്കി വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയർ മുഖേനയാണ് തയ്യാറാക്കേണ്ടത് ആയത് തയ്യാറാക്കിയിട്ടില്ല.

2.പഴയ മോട്ടോർ സ്റ്റോക്കിലെടുത്തതിന്റ വിവരം ലഭ്യമാക്കിയിട്ടില്ല
3.മോട്ടോറുകളുടെ ഗ്യാരന്റികാർഡ് ഹാജരാക്കിയിട്ടില്ല.
4.വാല്യേഷൻ നടത്തിയിട്ടില്ല.
5.PWD നിരക്കിനേക്കാൾ അധിക തുക അനുവദിക്കുന്നതിന് റെയ്ഡ്കോയ്ക്ക് സർക്കാർ നൽകിയ അനുമതി (പ്രൈസ് ലിസ്റ്റ്) ഹാജരാക്കിയിട്ടില്ല/
6.റെയ്ഡ്കോ യുടെ അക്രഡിറ്റേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല
7.ഇൻസ്റ്റലേഷൻ പ്രവർത്തി ആയതിനാൽ റിക്കവറികൾ നടത്തിയതിന്റ വവിരം ലഭ്യമാക്കിയിട്ടില്ല.(IT2%,WF1%,TDS2%)
8.സമാന HP യുള്ള മോട്ടോറുകൾക്ക് വ്യത്യസ്ത നിരക്ക് നൽകിയത് സംബന്ധിച്ച് (ഉദാ- പ്രൊജക്ട് നം:95/23 ലെ ക്രമനം :1,3, പ്രൊജക്ട് നം :41/23 ലെ ക്രമനം 2,3 എന്നിവ) വിശദീകരണം ലഭ്യമാക്കിയിട്ടില്ല

9.1 HP മോട്ടാറിന് (Open Well/bore Well)വാട്ടർ അതോറിറ്റിയുടെ അംഗീകരിച്ച നിരക്ക് ( KWA/SP/ HO/333 /2011/5.11.2011 )പ്രകാരം പഞ്ചായത്ത് അസി.എൻജിനിയർ തയ്യാറാക്കിയ നിലവിലെ ഒബ്സർവ്വഡ് ഡാറ്റ് പ്രകാരം (സ്പസിഫിക്കേഷൻ കോഡ് -നം:OD423959/2022/22-23 ) Oppen Well -16192/hp- രൂപയും Borewell 18500/hp-രൂപയും ആണ് അനുവദനീയ നിരക്ക് . വിശദമായ ഡാറ്റാ വിവരം ചുവടെ ചേർക്കുന്നു

**1.001 Specification Code :OD423959/2022-2023**

Supplying And Fixing **1HP** Submersible Motor And Pumb Set ,Suitable Suction Pipes And Including Wiring Supplying Switches ,Power Plugs Volt Meter Ammeter Etc Necessary Arrangements For Propper Working Of Pumb Set And Fitting Charges Convayance Etc Complete ..

| Material | | Approved Rate By KWA As Per Order Number KWA /HO/SP /333/2011 | | |
|---|---|---|---|---|
| KWH | 1HP | 13940.6 | 13940.6 | Borewell(15613.43) |
| Total For 1HP | | | 13940.6 | 15613.43 |
| Add Water Charges | 13940.6 | 1.00% | 139.41 | 156.13 |
| Total | | | 14080.01 | 15769.56 |
| Add C.P&OH | 14080.01 | 15.00% | 2112 | 2365.43 |
| Total | | | 16192/hp | 18135/hp |
| Add Cost Index | | 36.44% | 0 | 0 |
| | | TOTAL | 16192/HP | 18135/HP |
| | | GrandTotal1Kwh | 16192 | 18500 |

തുക്കലങ്ങോട് എൽ.എസ്.ജി.ഡി അസി.എൻജിനിയർ തയ്യാറാക്കിയ OD പകർപ്പ്

എന്നാൽ റെയ്ഡകോ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം അധിക നിരക്ക് നൽകിയതിൻ്റ വിവരം ചുവടെ ചേർക്കുന്നു

പ്രൊജക്ട് നം95/23

| ഇൻവോയ്സ് നം | മോട്ടോർ HP | ബിൽ പ്രകാരം അനുവദിച്ച തുക | അനുവദിക്കാവുന്നത് @16192/HP | അധികം |
|---|---|---|---|---|
| 1.NLR/280/21-22 /23.3.22 | 5HP Open Well | 123369(107099+16270 GST) | 80960+14573 | 26139+1697 |
| 2.NLR/288/21-22 /24.3.22 | 3HP-open Well | 98219(85384+12835 GST) | 48576+8743 | 36808+4092 |

| | | | | |
|---|---|---|---|---|
| 3.NLR/285/21-22 /23.3.22 | 5HP Open Well | 107939 (93812+14127 GST) | 80960+14573 | 12852+0 |
| 4.NLR/284/21-22 /23.3.22 | 1.5HP-open Well | 55469 (48234+7235 GST) | 24288+4371 | 23946+2864 |
| 5.NLR/283/21-22 /23.3.22 | 3HP Open Well | 99420(86406+13013 GST) | 48576+8743 | 37830+4270 |
| 6NLR/282/21-22 /23.3.22 | 7.5HP Open Well | 144880(122880+22000GST) | 121440+21859 | 1440+141 |
| 7.NLR/281/21-22 /23.3.22 | 5HP Borewell | 121348(104648+16700GST) | 92500+16650 | 12148+50 |
| | | ആകെ | | 151163+13114 |

**2.**പ്രൊജക്റ്റ് നം 41/23

| ഇൻവോയ്സ് നം | മോട്ടോർ@ HP | ബിൽ പ്രകാരംഅനുവദിച്ച തുക | അനുവദിക്കാവുന്നത് @16192/HP/ @18500/hp | അധികം |
|---|---|---|---|---|
| 1.NLR/562 /22-23/27.3.23 | 6Hopen Well | 197522(167645+29876GST) | 97152+17487 | 70493+12389 |
| 2.NLR/563 /22-23/27.3.23 | 5HP Open Well | 134425(114092+20422GST) | 80960 +14573 | 33132+5849 |
| 3.NLR/564 /22-23/27.3.23 | 5HP Open Well | 94285(79954+14331GST) | 80960 +14573 | (-)1248 |
| 4.NLR/565 /22-23/27.3.23 | 1.5HP Open Well | 56407 (47853 +8553 GST) | 24288 +4371 | 23565+4182 |
| 5.NLR/566 /22-23/27.3.23 | 5HP Open Well | 142949(121144+21805 GST) | 80960 +14573 | 40184+7233 |
| 6.NLR/514 /22-23/14.3.23 | 1HPborewell | 70931(60200+10701 GST | 18500+3330 | 41700+7371 |
| 7.NLR/515 /22-23/14.3.23 | 1.5open Well | 57075 (48419+8656GST ) | 27750 +4995 | 20669+3661 |
| | | | ആകെ | 22973+40885 |
| | | | ആകെ 1&2 | 385310+54817 |

മേൽ പ്രകാരം മോട്ടോറുകൾക്ക് PWD നിരക്കിൽ അധികരിച്ച് നൽകിയ 434905/- രൂപ (229743+40885+151163+13441) ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.കേന്ദ്ര/സംസ്ഥാന സർക്കാരിലേക്ക് അടവാക്കേണ്ട ആദായ നികുതി 2%(25838രൂപ),W.F 1% (12919 രൂപ )TDS 2% (25838 രൂപ)എന്നിവ ഈടാക്കി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:7/22-23 /10.10.23,10/22-23/11.10.23,19/12.10.23,41/17.10.23)ലഭ്യമാക്കിയ മറുപടിയി ൽ നിർവ്വഹണം നടത്തിയ റെയ്ഡ്കോയ്ക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും തുടർ നടപടി ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .നഷ്ട തുക കുറച്ചുള്ള തുക 1093711/-രൂപ രേഖകൾ ഹാജരാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു.

## 3-2 അങ്കണവാടികൾ സ്മാർട്ട് ആക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത മൂലം 2,10,062/- രൂപയുടെ അധിക ചെലവ്

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന ബഹു വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടികളിലേക്ക് കളി ഉപകരണങ്ങൾ, ഫർണീച്ചറുകൾ എന്നിവ വാങ്ങുകയും, അങ്കണവാടികൾ പെയിന്റ് ചെയ്ത് ചുമർ ചിത്രങ്ങൾ വരക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടത്തി ആർട്ട്കോ മുഖേനയാണ് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ അപാകത മൂലം 2,10,062/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 376/23, അങ്കണവാടികൾ സ്മാർട്ട് ആക്കൽ |
| അടങ്കൽ | 1400000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| എഗ്രിമെന്റ് തീയതി | 14.03.2023 |
| ചെലവ് തുക | 1330473 |
| ബിൽ നം., തുക | 22151852034501457494/24.03.23, 947097<br>22151852034501457500/24.03.23, 383376 |

അപാകതകൾ.

1) ടെണ്ടർ വ്യവസ്ഥക്ക് വിരുദ്ധമായി 1,80,262/- രൂപ അധികം നൽകി.

04.02.2023-ലെ ICDS03/2023 നമ്പർ ടെണ്ടർ നോട്ടീസിലെ നിബന്ധന 1 പ്രകാരം GST ഉൾപ്പടെയുള്ള നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത്. ആയതിൻ പ്രകാരം ആർട്ട്ക്കോ ക്വാട്ട് ചെയ്ത നിരക്ക് 14.02.23ലെ ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ആർട്ട്ക്കോ ക്വാട്ട് ചെയ്ത തുകക്ക് പുറമേ GST കൂടി കൂട്ടി നൽകി ബിൽ തയ്യാറാക്കിയത് മൂലമാണ് അധിക ചെലവ് ഉണ്ടായിട്ടുള്ളത്. ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമായി GST നൽകിയത് ക്രമ പ്രകാരമല്ല. അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാങ്ങിയ സാധനങ്ങൾ/ ഉപകരണങ്ങൾ/പെയിന്റിംഗ് | എണ്ണം | ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്ക് (₹) | നൽകാവുന്ന തുക (₹) | നൽകിയ തുക (₹) | അധികം (₹) |
|---|---|---|---|---|---|---|
| A) ഇൻവോയിസ് നം. MPM344/18.03.23, 330363/- | | | | | | |
| 1 | PDKD02-ARO214<br>Indoor Soft Play Rugs | 730 | 295 | 215350<br>(295x730) | 254113<br>(+GST 18%) | 38763 |
| 2 | PDKD09-ARO179<br>Eva Puzzle Play Mats – A To Z &1 To 10 | 10 | 399 | 3990<br>(10x399) | 4468.80<br>(+GST 12%) | 478.8 |
| 3 | PDKD12-ARO10278<br>Outdoor Play Area Setting Slide | 1 | 15500 | 15500 | 17360<br>(+GST 12%) | 1860 |
| 4 | PDKD16 – KDSSping<br>Outdoor Spring Tiger | 1 | 15990 | 15990 | 17908.80<br>(+GST 12%) | 1918.8 |
| 5 | SAP021- Big Block- Multi Colour | 13 | 1190 | 15470<br>(13x1190) | 17326.40<br>(+GST 12%) | 1856.4 |
| 6 | SAP022- Ring Game Elephant- Multi Colour | 8 | 990 | 7920<br>(8x990) | 8870.40<br>(+GST 12%) | 950.4 |
| 7 | SAP24- Multi Colour Slide | 1 | 4490 | 4490 | 5028.80<br>(+GST 12%) | 538.8 |
| 8 | SAW07- Eva Puzzle Play Mats – Malayalam | 8 | 590 | 4720<br>(8x590) | 5286.40<br>(+GST 12%) | 566.4 |
| B) ഇൻവോയിസ് നം. MPM345/18.03.23, 616734/- | | | | | | |
| 9 | PDKD03-ARO3508– Storage Stand Child Friendly | 5 | 5800 | 29000 | 34220 | 5220 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (5x5800) | (+GST 18%) | |
| 10 | SAP012-Multipurpose Teaching & Art Board | 12 | 2990 | 35880 (12x2990) | 40185.60 (+GST 12%) | 4305.6 |
| 11 | SAW15- Indoor Toybin | 12 | 1800 | 21600 (12x1800) | 25488 (+GST 18%) | 3888 |
| 12 | TGGP8-Baby Friendly Desk | 60 | 3950 | 237000 (60x3950) | 279660 (+GST 18%) | 42660 |
| 13 | YT963-Baby Friendly Bench | 60 | 3350 | 201000 (60x3350) | 237180 (+GST 18%) | 36180 |
| C) ഇൻവോയിസ് നം. MPM346/18.03.23, 383376/- | | | | | | |
| 14 | APG5-Outside Painting (Sky Blue Colour) & Outside Front Wall Art | 1 | 14500 | 14500 | 16240 (+GST 12%) | 1740 |
| 15 | SAP018-Painting (Sky Blue Colour) Classroom Four Wall Art & Outside Front Wall Art | 11 | 29800 | 327800 (11x29800) | 367136 (+Gst 12%) | 39336 |
| ആകെ | | | | 11,50,210 | 13,30,472.2 | 1,80,262.2 |

മേൽ പ്രകാരം ബിൽ തുക നൽകിയപ്പോൾ ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത തുകയെക്കാൾ അധികം തുക ARTCOക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/22-23/17.10.23) ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത സാധനങ്ങളുടെ തുകക്ക് പുറമേ ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയ ബിൽ ആണ് പെമെന്റ് നടത്തിയിട്ടുള്ളതെന്നും, ബഹുവർഷ പദ്ധതിയായ സ്മാർട്ട് അംഗൻവാടി പദ്ധതി 2024 മാർച്ച് മാസത്തോടുകൂടിയാണ് പൂർത്തീകരിക്കുകയുള്ളൂ എന്നും അധികം നൽകിയ തുക ഈ സാമ്പത്തിക വർഷത്തിൽ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

2) ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി - 29800/- രൂപ അധികം നൽകി.

ബിൽ നം.22151852034501457500/24.03.23 (ഇൻവോയിസ് നം. MPM346/18.03.23) പ്രകാരം 11 അങ്കണവാടികൾ പൂർണ്ണമായും (അകവും പുറവും), ഒരു അങ്കണവാടി ഭാഗികമായും (പുറം മാത്രം) പെയിന്റ് ചെയ്ത് ചുമർ ചിത്രങ്ങൾ വരച്ചതിനുള്ള തുക 383376രൂപ നൽകിയിട്ടുണ്ട്. എന്നാൽ 10 അങ്കണവാടികൾ പൂർണ്ണമായും (അകവും പുറവും), ഒരു അങ്കണവാടി ഭാഗികമായും (പുറം മാത്രം) പെയ്ന്റ് ചെയ്ത് ചുമർ ചിത്രങ്ങൾ വരച്ചതായിട്ടാണ് അസി. എൻജിനീയർ മൂല്യ നിർണ്ണയം ചെയ്തിട്ടുള്ളത്. വർക്ക് ഓർഡർ നൽകിയ 12 അംഗൻവാടികളിൽ സെന്റർ നം.34 മഞ്ഞപ്പറ്റ അംഗൻവാടിയിൽ പെയിന്റിംഗ് പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | നൽകിയ തുക | നൽകാവുന്ന തുക * | അധികം |
|---|---|---|---|---|
| 1 | പുറം ഭാഗം മാത്രം പെയ്ന്റ് ചെയ്യുകയും ചിത്രം വരയും | 14500 | 14500 | 0 |
| 2 | അകവും പുറവും പെയ്ന്റ് ചെയ്യുകയും ചിത്രം വരയും | 327800 (29800x11) | 298000 (29800x10) | 29800 |

* 12% GST അധികം നൽകിയിട്ടുണ്ട്. ആയത് അപാകത 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും പെയിന്റ് ചെയ്യുന്ന പ്രവത്തി 10 അംഗൻവാടികളിൽ പൂർത്തീകരിക്കുകയും എന്നാൽ 11 അംഗൻവാടികൾക്കുള്ള തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/22-23/17.10.23) കെട്ടിടത്തിന്റെ വയറിംഗ് പ്രവൃത്തിയും പ്ലാസ്റ്ററിംഗും ചെയ്യാത്തതിനാലാണ് മഞ്ഞപ്പറ്റ അംഗൻവാടി പെയിന്റിംഗ് ചെയ്യാതിരുന്നതെന്നും ഒക്ടോബർ 2024ഓട് കൂടി പൂർത്തീകരിക്കുമെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാതെ ബിൽ തുക നൽകിയത് അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുക ഈടാക്കി അടവാക്കേണ്ടതാണ്.

ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്കിൽ അധികം നൽകിയ 1,80,262/- രൂപയും, ചെയ്യാത്ത പ്രവൃത്തിക്ക് അധികം നൽകിയ 29800/- രൂപയും ആകെ 2,10,062/- രൂപ പദ്ധതി നിർവ്വഹണം നടത്തി ബിൽ തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1239133 | 79/23, ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടിക ജാതി | 1239133 | 0 |
| | 626250 | 337/23, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം | 626250 | 0 |
| | 400000 | 398/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 420000 | 337/23, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം | 420000 | 0 |
| | 950000 | 389/23, എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 950000 | 0 |
| | 7620000 | 463/23, ലൈഫ് മിഷൻ ഭവന നിർമ്മാണം-എസ്.സി. | 7620000 | 0 |
| | 200000 | 398/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ/ ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | പൂർത്തീകരിച്ച വിവരം | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KSEB | 94/23, മഞ്ഞപ്പറ്റ സ്കൂൾ കുടിവെള്ള ലൈൻ വലിക്കൽ | | 110326 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 110326 |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ പത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വ്യക്തമായ വിവരം ലഭ്യമായിട്ടില്ല. തൻവർഷം വായ്പയിനത്തിൽ ലഭ്യമായ തുക, തിരിച്ചടച്ച തുക (മുതൽ,പലിശ തിരിച്ച്) വർഷാവസാനം അടവാക്കാൻ ബാക്കിയുള്ള തുക എന്നിവ സംബന്ധിച്ച കൃത്യമായ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (വിവരം ഖണ്ഡിക 1-1-6ലും പരാമർശിച്ചിട്ടുണ്ട്)

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2021-22 ഓഡിറ്റ് അന്വേഷണ കുറിപ്പ് | ഓഡിറ്റ് അന്വേഷണ കുറിപ്പ് | 4587 | ശ്രീ. സുനിൽ കരാറുകാരൻ | 1220103721/19.11.2022 |
| | | 5000 | ശ്രീ. ഷമീം സി.പി. | 1220103877/28.11.2022 |
| | | 3000 | ശ്രീ. അബ്ദുൽ സത്താർ എൻ. | 1220103878/28.11.2022 |
| | | 25000 | ശ്രീ. മുജീബ് റഹ്മാൻ കുരിക്കൾ | 1220103887/29.11.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | | തൊഴിൽ(സ്ഥാപന) നികുതി അടവാക്കാത്തത് (കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തൃക്കലങ്ങോട്, ബി.എസ്.എൻ.എൽ തൃക്കലങ്ങോട് , വനിതാ സഹകരണ സംഘം എളങ്കൂർ ) ,<br><br>തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തത്.( പീസ് പബ്ലിക് സ്കൂൾ ,എക്സ്റ്റർ കോളേജ് ഓഫ് സയൻസ് ,ഇ.കെ.സി ഏറനാട് ക്നോളജ് സിറ്റി മഞ്ചേരി) | ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകി, വനിതാ സഹകരണ സംഘം എളങ്കൂർ എന്ന സ്ഥാപനം പിഴയുൾപ്പടെ തുക ഈടാക്കി ( രസീത് നം. 118010104030 തി. 24/9/18)<br><br>10/12/16 ന് 11501103954,3955,3956,3957,3958 എന്നീ രശീതികൾ പ്രകാരം പിഴ സഹിതം തുക അടവാക്കി |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

(എ). ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി). സർചാർജ് നടപടി വഴി ഈടാക്കിയ തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് നംപർ/തീയതി | സർചാർജ് സർട്ടിഫിക്കറ്റ് തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2016-17 | 3-6. | ശ്രീ.കുഞ്ഞൻ ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. | KSAMPM5/1953/2017 | 75000 | അവസാനിപ്പിച്ച |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പുലത്ത്. | | | | |

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 56571593 |
| ഓഡിറ്റ് വർഷത്തെ വരവ് | 307201274 |
| ആകെ | 363772867 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 290585676 |
| നീക്കിയിരിപ്പ് | 73187191 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 644967/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4365412/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 434905 | സെക്രട്ടറി ,ശ്രീ.ഷാജിമോൻ എൻ.എം |
| 3-2 | | 2,10,062 | ശ്രീമതി. മഹീത പി., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | - | 644967 | |

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 126885 | ഡോ. സൽമ വി. പി., മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-16 | 840000 | ശ്രീ. സെക്രട്ടറി,ശ്രീ.ഷാജിമോൻ .എൻ.എം |
| 1-17 | 4904 | ശ്രീ. , സെക്രട്ടറി,ശ്രീ.ഷാജിമോൻ .എൻ.എം |
| 1-18 | 30000 | ശ്രീ. , സെക്രട്ടറി,ശ്രീ.ഷാജിമോൻ .എൻ.എം |
| 1-20 | 888038 | ശ്രീ. , സെക്രട്ടറി,ശ്രീ.ഷാജിമോൻ .എൻ.എം |
| 1-24 | 1093711 | ശ്രീ. , സെക്രട്ടറി,ശ്രീ.ഷാജിമോൻ .എൻ.എം |
| 1-31 | 101274 | ശ്രീമതി ഗീത.പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-34-1 | 800400 | ശ്രീമതി. മഹീത പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-34-2 | 480200 | ശ്രീ. വിനോദ്കുമാർ പി.വി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 4365412 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-24 IT -25838 WF - 12919 സെക്രട്ടറി ശ്രീ.ഷാജിമോൻ .എൻ.എം

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജിമോൻ .എൻ.എം, സെക്രട്ടറി | സെക്രട്ടറി, പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് എറണാകുളം | ശ്രീമാധവം, KNRA-23, BTC റോഡ്, മരട് (പി.ഒ) |

| | | |
|---|---|---|
| | | തൃശ്ശൂർ |
| ശ്രീമതി. മഹീത.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ , തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | ജോവി ഡി വിവറി, കാവുമ്പാവം, മഞ്ചേരി മലപ്പുറം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് എം15/509/2000/23.10.10 | 2 |
| 1997-98 | എൽ എഫ് എം6/1359/07/23.10.10 | 33 |
| 1998-99 | എൽ എഫ് എം15/979/01 തീയതി 23-10-10 | 33 |
| 1999-00(വരവ്) | എൽ എഫ് എം 6/1779/07 തിയതി 23-10-10 | 8 |
| 2000-01(വരവ് ) | എൽ എഫ് എം6/1780/07 തീ.തി 23.10.10 | 9 |
| 2001-02(വരവ് | എൽ എഫ് എം6/1781/07/23.10.10 | 11 |
| 1999-02(ചെലവ്) | എൽ എഫ് എം6/1537/07/23.10.10 | 60 |
| 2002-03 | എൽ എഫ് എം6/1782/07/23.10.10 | 15 |
| 2003-04 | എൽ എഫ് എം6/1972(2)/07/23.10.10 | 57 |
| 2004-05 | എൽ എഫ് എം6/1736/08/23.10.10 | 16 |
| 2005-06 | എൽ എഫ് എം6/1737/08/13.2.09 | 8 |
| 2006-07 | കെ എസ് എ എം പി എം 9/2004/22(1)/27.09.22 | 15 |
| 2007-08 | കെ എസ് എ എം പി എം 9/2004/22(2)/27.09.22 | 10 |
| 2008-09 | കെ എസ് എ എം പി എം 9/2004/22(3)/27.09.22 | 9 |
| 2009-10, 2010-11 | കെ എസ് എ എം പി എം 9/2004/22(4)/27.09.22 | 6 |
| 2011-12, 2012-13 | കെ എസ് എ എം പി എം 9/2004/22(5)/27.09.22 | 16 |
| 2013-14, 2014-15 | കെ എസ് എ എം പി എം 9/2004/22(6)/27.09.22 | 14 |
| 2015-16 | കെ.എസ്.എ.എം.പി.എം9/1211/22(1) /16.06.2023 | 06 |
| 2016-17 | കെ.എസ്.എ.എം.പി.എം9/1211/22(2) /16.06.2023 | 02 |
| 2017-18 | കെ.എസ്.എ.എം.പി.എം9/1211/22(3) /16.06.2023 | 03 |
| 2018-19 | കെ.എസ്.എ.എം.പി.എം.9/1211/22(4) തീയതി 16-06-2023 | 03 |
| 2019-20 | കെ.എസ്.എ.എം.പി.എം.9/1418/2021 തീയതി 20-08-2022 | 18 |
| 2020-21 | കെ.എസ്.എ.എം.പി.എം.9/2876/2022 തീയതി 20-12-2022 | 06 |
| 2021-22 | കെ.എസ്.എ.എം.പി.എം.9/2872/2022 തീയതി 03-01-2022 | 33 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 29-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thrikkalangode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thrikkalangode Grama Panchayat for the year 2022-2023

**Date: 19/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Thrikkalangode Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1)Asset Register is not uptodated.
2)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios
ii. Notes on accounts
iii. Comparative amounts)
3)Calculated Worksheet of Depreciation of Fixed Assets is not produced for verification.
4)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

5)Total Expenditure of MGNREGS as per the documents produced by Secretary do not agree with A F S

6) Documents regarding Secured Loan was not produced for verification

7) As no documents were produced for verification,the accuracy of entries made under Schedule B 4 of Balance Sheet could not be verified(except MGNREGS balance)

8)Advance Register is not up to date.

9)No entries regarding Contractors Retention was made in Deposit Register

10)Block Panchayath /District Panchayath share obtained during the year also was not accounted

11)Demad Register of FACTIOS Licence was also not up to date.

12)Total Expendiure of Funds like Development Fund (General),Development Fund(S C P),Development Fund(T S P),Central Finance Commission Grant (both tied and untied),Maintanance Fund(Road),Maintanance Fund(Non- Road) as per Grant Statement was not tally with A F S

13)As Past Data Entry (P D E ) files regarding Sankhya Accounting System were not produced for verification,the accuracy data entered from Sankhya Accounting System to ILGMS could not be verified

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്